# വർണ്ണ ചിറകുകൾ

## ഡിജിറ്റൽ മാഗസിൻ 2019



## തച്ചിങ്ങനാടം ഹയർ സെക്കന്ററി സ്കൂൾ

തച്ചിങ്ങനാടം

# തച്ചിങ്ങനാടം ഹയർ സെക്കന്ററി സ്കൂൾ



## ആമുഖം

IT@ സ്കൂളിന്റെ നേതൃത്വത്തിൽ കുട്ടികളിലെ സർഗാത്മകതയും മലയാളം ടൈപ്പിംഗ് ശേഷി വർദ്ധിപ്പിക്കാനുമായി അവരുടെ വ്യത്യസ്തങ്ങളായ രചനകളും ചിത്രങ്ങളും അടങ്ങിയ ഒരു ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്നു.

വിവരസാങ്കേതിക രംഗത്തിന്റെ കുതിച്ചുചാട്ടത്തിനൊപ്പം പുതിയതലമുറയും മുന്നേറേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെ നിർമ്മിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ 2019 വർഷത്തെ ഒരു നാഴികക്കല്ലായി തീരുമെന്ന പ്രത്യാശയോടെ ഹൃദയപൂർവ്വം സമർപ്പിക്കുന്നു.



പ്രിയ വിദ്യാർത്ഥികളെ

തച്ചിങ്ങനാടം ഹയർ സെക്കണ്ടറി സ്കൂളിലെ ആദ്യ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുറത്തിറങ്ങുകയാണല്ലോ.... ഇ വായന പ്രോത്സാഹിപ്പിക്കപ്പെടുന്ന കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസീനുകൾക്ക് പ്രാധാന്യമേറുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗ സൃഷ്ടികൾ പുതുവെളിച്ചം കാണട്ടെ. കംബ്യൂട്ടറുകൾ കഥയും കവിതയും എഴുതുന്ന കാലം വിദൂരമല്ലെന്നറിയുന്നു. എങ്കിലും നമ്മൾ എഴുതുക്കൊണ്ടേയിരിക്കുക..... എല്ലാവിധ ആശംസകളും നേരുന്നു.

പ്രധാനാധ്യാപിക

ലിസിജേക്കബ്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



പ്രണവ് ഇ



ഹസീബ കെ



റിൻഷിയ ഫെമിൻ പി



അൻഷിദ എം



ആയിഷ ജുസൈന പി



സൂര്യ ടി



ഷൈമ ഷെറിൻ എൻ



റിൻഷാന കെ



നർഷ പർവ്വീൺ പി



റിൻസിയ ഇ കെ



മുസ്തഹ്സിന കെ



ഗായത്രി സി ആർ



ഷഹനാസ് ഉസ്മാൻ കെ ടി



രവീന സി പി



മുഹമ്മദ് ഷഹീദ് കെ ടി



മുഹമ്മദ് ഷാമിൽ വി പി



ഷാഹിദ് സി



മുഹമ്മദ് മുസ്തഫ എൻ



ലുത്ഫിയ തസ്നി



മുഹമ്മദ് തൗഫീക്ക് സി

# ഉള്ളടക്കം


1 ചോയ്സ്............ 6
2 ആകാശം കടലിറമ്പമായി ഇരമ്പലായ് മഴ കാതിലെത്തി............ 7
3 ആദ്യയാത്ര............ 8
4 അപര ഗാന്ധമാർ............ 9
5 ബാല്യം............ 10
6 അമ്മ............ 11
7 ആര് തന്നു............ 12
8 എന്റെ യാത്ര............ 13
9 എന്റെ ഗുരുനാഥൻ............ 14
10 കർഷകന്റെ ജീവിതം............ 15
11 മരണം ഭയങ്കരം............ 17
12 മധുര ബാല്യം............ 18
13 മരതകത്തെന്നൽ............ 19
14 കലാലയജീവിതം............ 20
15 വിധി............ 21
16 കാലം............ 23
17 Dream from a paper boat............ 24
18 കേരളത്തെ പിടിച്ചു കെട്ടിയ മഹാമാരി............ 26
19 കൂട്ടുകെട്ട്............ 27
20 കൊതിതീരാത്ത ബാല്യം............ 28
21 വാത്സല്യം............ 29
22 ശാസ്ത്ര ക്വിസ്............ 30
23 കാത്തിരിപ്പിന്റെ ഒടുക്കം............ 31
24 മൂടി വെക്കപ്പെട്ട കഴിവ്............ 33
25 തീവ്രവാതത്തിന്റെ ഉദയം............ 35
26 പൊൻകൊടി............ 36
27 ഞാൻ............ 37
28 വെളിച്ചം............ 39
29 യാത്രാനുഭവം............ 44



# ചോയ്സ്

മഹേഷ് എസ് (എച്ച്. എസ്. എ. മലയാളം)

വിളിപാടകലെനിന്നും ജന്മലക്ഷ്യം കൊട്ടിയറിയിക്കുന്നു
നേരിന്റെ ചൈതന്യമല്ലാത്ത മർത്യനോടായ്-
കൃത്രിമമാം ചലനങ്ങളും ദൂരയുള്ളനോട്ടങ്ങളും എവിടുന്നുപഠിച്ചു നീ.
കളിക്കൂട്ടങ്ങൾ തേടിയ, മാവിലെ മാങ്ങകളെയെറിഞ്ഞ ,
മഞ്ചാടിക്കുരുപെറുക്കിയ, കുളങ്ങളിലേക്ക് കുതറിച്ചാടി
ഒളിച്ചുകളിച്ച നിന്റെ ബാല്യങ്ങളിലെ സ്നേഹത്തിന്റെ വലക്കണ്ണികൾ
നീ പൊട്ടിച്ചുകളഞ്ഞോ?
നീ ശ്രദ്ധിച്ചിരുന്ന ജിവന്റെ തുടിപ്പുകൾ, നിന്റെ പരിസരം,
നിന്റെ മിഴികളിൽ മൊഴികളിൽ-സുകൃതം നേടിയ വഴികൾ.
നിന്റെ ലോകത്തെ നീളമുള്ള തിരമാലകളെ നീ തിരിച്ചുവിളിച്ചു,
ആ ഓളങ്ങളെ താളങ്ങളെ നീ നിന്റെ മനസ്സിലൊതുക്കി...
അപ്പോഴാണ് കൗമാരത്തിന്റെ വസന്തം നിന്നെ മാടി വിളിച്ചത്.
ദുർമൂർത്തികളുടെ ദുഷ്ടലക്ഷണങ്ങൾ വഴികളിലെവിടെയോ ഉണ്ടായിരുന്നു.
പച്ചവേഷങ്ങൾക്കും കരിവേഷങ്ങൾക്കും മുമ്പിൽ
നിനക്കും ഒരു മുഖംമൂടി വേയ്ക്കേണ്ടി വന്നു...
ഇടിമുഴങ്ങുന്ന ശബ്ദതാളങ്ങളിൽ, ദിവാസ്വപ്നങ്ങളുടെ പരക്കം പാച്ചിലിൽ
നീരാളികൾ പലകൈകൾകൊണ്ട് നിനക്ക് ക്ഷണപത്രം തന്നു.
കോൺക്രീറ്റ് ഭൂമിയിൽ അഴുകുന്ന സ്വപ്നങ്ങളുമായ്
ന◌ിന്റെ ശാന്തിയുടെ ലോകം ഉറങ്ങാൻ തുടങ്ങി..
പഞ്ചേന്ദ്രിയങ്ങളിലൂടെ നിന്നിലേക്ക് പ്രവഹിച്ച സംസ്കാരം
ഇടുങ്ങിയ പുകക്കുഴലുകളിലൂടെ പുറത്തേക്ക് പോയ്.
അന്തർദാഹത്തിന് പുതിയ നിർവചനങ്ങൾ നൽകി നീ
നിഘണ്ടുവിൽ തിരുത്തലുകൾ വരുത്തി.
തിരിച്ചു നടക്കാൻ നിനക്ക് വഴികളില്ല, തിരിഞ്ഞു ചിന്തിക്കാൻ സമയമില്ല;
കാലം കണക്കെഴുത്ത് ജോലി ചെയ്യുമ്പോൾ നിനക്ക് സമയമെത്ര ?
നിന്റെ ദൂരമെത്ര?
നിന്റെ ദീപം തെളിയാൻ ഘടികാരസൂചികൾ കാത്തിരിക്കുന്നു
വിപ്ലവത്തിന്റെ മനുഷ്യചങ്ങലകളിൽ ഒരു കണ്ണികൂടി...
പലിഷക്കൊതിയൻമാരുടെ കണക്കുബുക്കിൽ ഒരു പേജുകൂടി...
തീവ്രവാദത്തിന്റെ സ്പോടനശബ്ദങ്ങളിൽ ഒരു ശരീരം കൂടി...
മാഫിയാ സംസ്കാരിത്തിന്റെ വേട്ടയാടലുകളിൽ ഒരു മൃഗം കൂടി...
ചെറിയ മുറികളിൽ ഗ്ലോബൽ വില്ലേജ് സൃഷ്ടിക്കുന്ന ഒരു വിദഗ്ധൻ കൂടി...

രാഷ്ട്രീയചിരിയുടെ മുഖംമൂടിയണിഞ്ഞ ഒരു അനുയായി കൂടി...
മതപ്രബോധനത്തിനു മുമ്പിൽ ഓച്ഛാനിച്ചു നിൽക്കുന്ന ഒരു വിശ്വാസി കൂടി...
എല്ലാം നിന്റെ ചോയ്സ്.

# ആകാശം കടലിരമ്പമായി, ഇരമ്പലായ് മഴ കാതിലെത്തി

പേമാരി മുത്തുകൾ മണ്ണിൻ മടിത്തട്ടിൽ
കളകള ശബ്ദത്താൽ വീണതിർന്നു
പുതുമണ്ണിൽ ഗന്ധമാ മണ്ണിന്റെ ഗന്ധം
ഉവിയെൻ വാതിൽക്കൽ വന്നു നിന്നു
എന്തിനീ സ്നേഹം നിനക്കിന്നുമാത്രം
ദുഃഖത്തിൻ പാതയിൽ വീഴ് ത്തിടാനോ-
അപ്പോഴാ ആകാശം കോപത്തിൻ-
ജ്വാലകൾ പേമാരിയായി ഉതിർത്തുവിട്ടു.
ഇടിയുടെ ഘോരമാം ശബ്ദമെൻ കാതിലിൽ
ഇരമ്പലായ് വന്നുദിക്കുന്ന നേരം
മിന്നലിൻ ശക്തിയാൽ കണ്ണുകൾ പേടിച്ച്
കണ്ണീരുകൊണ്ട് പുതച്ചിരുന്നു.
എന്നിട്ടും നിന്നില്ല കടലിൻ ഇരമ്പൽപോൽ
ഇടിയായി, മിന്നലായി ആകാശം
ആകാശമേ തന്റെ ഈ മുഖം



പ്രണവ്.ഇ 9 E

# ആദ്യ യാത്ര

അച്ഛനാം കൈ പിടിച്ചു പോയി ഞാൻ
ആ വിദ്യാലയമാം അങ്കണത്തിൽ
എന്നമ്മയില്ലാതെ കഴിഞ്ഞു ഞാൻ
ആ ദിനത്തിൽ

വിദ്യയോതും അധ്യാപികയാണെന്നമ്മ
യെന്നോതി അച്ഛൻ
എൻ കരം കൊണ്ടാദ്യക്ഷരം കുറിച്ചു ഞാൻ
എൻ സ്ലേറ്റിൽ

സ്ലേറ്റിലെഴുതുന്ന നേരമെല്ലാം
മഷിത്തണ്ടിനെ ആശ്രയിച്ചു ഞാൻ
എൻ അടുത്തിരിക്കും തുല്ല്യരെയെല്ലാം
പുച്ഛത്താൽ നോക്കിയിരുന്നു ഞാൻ

വിദ്യാലയത്തിൽ പോകും വഴികളിൽ
എന്റേതെന്നഹങ്കരിച്ചു ചവിട്ടി ഞാൻ
ഞാൻ താണ്ടും വഴിയിലെ
ഫലങ്ങൾക്കെല്ലാം കല്ലെറിഞ്ഞു

നീണ്ട മണിമുഴക്കം കേട്ടാൽ ഓടും
സഞ്ചിയു തോളിലേറ്റി
കണ്ണിൽ കാണുന്ന പുളിക്കുരുവും
പിന്നെ മഞ്ചാടി മണികളും കയ്യിലേറി

ഓർക്കുന്നു എല്ലാം ഞാൻ എന്നുമെന്നും
ഒരു തീരാ വേദനയായ്
ഓരോ ദിനവുമെൻ കരളിൽ വിരിയുമ്പോൾ
മൂളുന്ന രാഗം അത് എത്ര സുന്ദരം



റിൻസിയ ഇ കെ

# അപരഗാന്ധിമാർ

| | |
|---|---|
| അതിർത്തിഗാന്ധി | ഖാൻ അബദുൽ ഗാഫർ ഖാൻ |
| കേരളഗാന്ധി | കെ കേളപ്പൻ |
| മയ്യഴിഗാന്ധി | ഐ കെ കുമാരൻമാസ്റ്റർ |
| ആധുനികഗാന്ധി | ബാബാ ആംതെ |
| ബീഹാർഗാന്ധി | ഡോ രാജേന്ദ്രപ്രസാദ് |
| അമേരിക്കൻഗാന്ധി | മാർട്ടിൻ ലൂഥർ കിംഗ് |
| ആഫ്രിക്കൻഗാന്ധി | നെൽസൺമണ്ടേല |
| ഫ്രാൻസ്ഗാന്ധി | ഡോ പിരേപരോഡി |
| കെനിയൻഗാന്ധി | ജോഹെ കെനിയാത്തെ |
| ഇന്തോനേഷ്യഗാന്ധി | അഹമ്മദ് സുക്കാർത്തോ |
| ശ്രീലങ്കൻഗാന്ധി | എ ടി അരിയരത് ന |
| ബർമ്മീസ്ഗാന്ധി | ആങ്സാൻ സൂചീ |
| കൊറിയൻഗാന്ധി | ഹാം സോക് ഹോൺ |
| വാൾക്കൻഗാന്ധി | ഇബ്റാഹിം റുഗേവ |
| ജപ്പാൻഗാന്ധി | ടോയോഹീക്കോ കഗവ |



-സൂര്യ . ടി

# ബാല്യം

എല്ലാവരുടെയും ജീവിതത്തിൽ ബാല്യം എന്ന പറയുന്നത് ഒരു സുന്ദരമായ കാലഘട്ടമാണ്. ഇന്നും ബാല്യം തിരിച്ചുക്കിട്ടാൻ കൊതിക്കാത്ത ആരും തന്നെ യുണ്ടാവില്ലാ.ബാല്യകാലത്തെ നമ്മുടെ ക്കൂട്ടുകാർ,പഠ്പ്പിച്ച ടീച്ചർമാർ,നമ്മൾ പോയ സ്ഥലങ്ങൾ അവിടെ പരിചയ പ്പെട്ട നമ്മുടെ ജീവിതത്തെ സ്വധീനിച്ച കാഴ്ച്ചകൾ വ്യക്തികൾ എല്ലാം ഒരു പതിപ്പുപോലെ നമ്മുടെ എല്ലാം തങ്ങി നിൽക്കുന്ന

എന്തുകൊണ്ടാണ് നമ്മുടെയെല്ലാം ബാല്യം ഇത്ര മനോഹരമായത്? നമ്മൾ എന്ത് കൊണ്ടാണ് ആ ഒരു കാലം ഇനിയും ഉണ്ടായിരുന്നുവെങ്കിൽ എന്ന് വിചാരിക്കുന്നത്?

കാരണം ഈ ലോകത്ത് ഏറ്റവും വലിയ വേദന പ്രസവ വേദന എന്നുപറയുന്നത് പോലെ തന്നെയാണ് ഈ ലോകത്തെ മനോഹരമായ കാലം ബാല്യം തന്നെയാണ്. ആ കാലഘട്ടം കഴിഞ്ഞാൽ അത് തിരിച്ച് കിട്ടാൻ കൊതിക്കുന്നവരാണ് നമ്മൾ.ബാല്യയത്തിൽ നമ്മൾ ചെയ്യുന്ന പല കാര്യങ്ങളും ദേഷ്യത്തോടെ കണ്ടുനിന്നവർ പിന്നീട് അതിനെ തമാശയായി കാണുകയും അതോർത്ത് സന്തോഷിക്കുകയും നമ്മളെ കളിയാക്കുകയും ചെയ്യുന്നു.എന്നാൽ അവരെല്ലാം തമാശയോടെ കാണുന്ന കാര്യം നമ്മൾ മൂർക്കുട്ടി അതിനെ വലുതാക്കുന്നു. അങ്ങനെ വഴക്കും തല്ലും കുത്തുമായി നമ്മുടെ ബാല്യം കഴിച്ച് കൂട്ടുന്നു. ആഗ്രഹിച്ച് പോവുകയാണ് തിരിച്ച് കിട്ടില്ല എന്ന് അറിഞ്ഞിട്ടും..........



ലുത്ത്ഫിയ തസ്നീം

# അമ്മ

ഓമനിച്ചുമ്മവച്ചെന്നെ വളർത്തിയ
തോരാ മഴയാണെന്നമ്മ
പക്ഷാകൾ കൂടണയും നേരം
സ്നഹേ വിളക്ക് ചാർത്തിയെന്നമ്മ
വീടിനുള്ളിലെ തൊട്ടിലിൽ
താലോലം പാടി ഉറക്കിയെന്നമ്മ
ഖൽബിനുള്ളിലെ ആശകൾ തീർക്കും
എന്നുമെന്നും എന്റെ അമ്മ
ആകാശത്തിനപ്പുറം പറന്നകന്നാലും
അമ്മതൻ സ്നേഹം ലഭിക്കയില്ല
പൂന്തോട്ടത്തിലെ പൂ പോലെ
പരിമണം പരത്തി എന്നിലമ്മ
അണയാതെ കത്തുന്ന വിളക്കായി എന്നുമെൻ
അകതാരിൽ നിറയുന്ന തേജസ്സാണെന്നമ്മ



റിൻഷിയ ഫമിൻ. പി 9 C

# ആര് തന്നു?

അങ്ങ് ദൂരെ പരന്ന് കിടക്കുന്ന പ്രകൃതിയെ
നിനക്കീ സൗന്ദര്യമെല്ലാം ആരു തന്നു
വാനോളം ഉയർന്ന് നിൽക്കുന്ന മലകളും
എങ്ങും പച്ചക്കുട ചൂടി നിൽക്കുന്ന മരങ്ങളും
ജല ജീവികൾക്കാശ്വാസമായൊഴുകുന്ന
അരുവിയും പുഴയും എൻകണ്ണിനാനന്ദം
കണ്ണെത്താദൂരെ പരന്നീടുന്ന
പച്ച പട്ടുടുത്ത നെൽപ്പാടങ്ങൾ
വാനം നീളേ പാറി രസിച്ചീടുന്ന
കുരുവിയേ നീ എത്ര മനോഹരം
ഓല മേഞ്ഞ കുടിൽ നിറഞ്ഞ
കൊച്ചു ഗ്രാമമേ നീയാണതിൻ ഭംഗി
ഒരുപാടൊരുപാട് സൗന്ദര്യഹേതുവേ
നിനക്കീ ഭംഗിയെല്ലാം ആരു തന്നു ?



റിൻഷിയ ഫമിൻ. പി 9 C

# എന്റെ യാത്ര

എന്റെ വീടിന്റെ അടുത്ത് വലിയ ഒരു കുന്ന് ഉണ്ട്. ഇടക്കിടെ ഞങ്ങൾ അവിടെ പോകാറുണ്ട്. പ്രകൃതിരമണീയമായ ഒരു കുന്നാണത്. അവിടേക്കുള്ള യാത്ര അതി മനോഹരമാണ്. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ മനസ്സിൽ അവിടുത്തെ കാഴ്ചയായിരിക്കും. ഞങ്ങടെ യാത്രയിൽ ഒരുപാട് കൂട്ടുകാരും ഉണ്ടായിരുന്നു. ഒരു തവണ പോയാൽ ഉറപ്പായും വീണ്ടും പോകും. ഞങ്ങൾ ഇടവഴിയിലൂടെയായിരുന്നു യാത്ര.

ആദ്യം കണ്ണിൽ കാണുന്ന ചിത്രം കുന്നിന്റെ തല ഭാഗമാണ്.പല നിറത്തിലുള്ള പൂക്കളാണ് തല ഭാഗത്ത്. കയറുന്ന ഭാഗത്ത് നമ്മെ സ്വീകരിക്കാൻ ആടിയുലയുന്ന പുൽച്ചെടികൾ. അതിന്റെ മുകളിൽ കയറിയാൽ ദൂരെയുള്ള കാഴ്ചകൾ കാണാൻ പറ്റുന്നതാണ്. വയലുകളും , മരങ്ങളും,തടാകങ്ങളും ,അങ്ങനെ ഒരുപാട്. വിവിധ നിറങ്ങളാൽ അലങ്കരിച്ച കുന്നാണത്. എന്ത് കൊണ്ടും മനോഹരം.



**മുസ്തഹ്സിന കെ**

വള്ളത്തോൾ ഗാന്ധിജിയെ കുറിച്ച് എഴുതിയ

# എന്റെ ഗുരുനാഥൻ

ക്രുസ്ത്തു ദേവന്റെ പരിത്യാഗ ശീലവും
സാക്ഷാൽ ക്രുഷ്ണനാം ഭഗവാന്റെ
ധർമ്മ രക്ഷോപായവും
ബുദ്ധന്റെ യഹിംസയും
ശങ്കരാച്യാരുടെ ബുദ്ധിശക്തിയും
രന്തിദേവന്റെ ദയാവായ്പ്പും
ശ്രീഹരീശ്ചന്ദ്രനുള്ള സത്യവും
മുഹമ്മദിൻ സ്ഥൈരവും ഒരാളിൽ
ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാൻ മാരെൻ
ഗുരുവിൻ നികടത്തിൽ
അല്ലയികിൽഅവുടുത്തെ
ചരിത്രംവായിക്കുവിൻ



# കർഷകന്റെ ജീവിതം

അമ്പാല ഗ്രാമത്തിൽ രാമൻ എന്ന പേരുള്ള പാവപ്പെട്ട കർഷകനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കൃഷിസ്ഥലമായ വിശാലമായ പാടത്തിൻെറ അടുത്താണ് അവരുടെ വീട്. ഒരു ചെറുകുടിൽ എന്നതിനെ വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ ഭാര്യ സരോജിനി അസുഖം കാരണം കിടപ്പിലാണ്. അവരുടെ ഏക മകളാണ് അമ്മു. അവൾ പത്താം ക്ലാസിലാണ് പഠിക്കുന്നത്. അവരുടെ ഗ്രാമത്തിൽ മഴയ്ക്ക് ക്ഷാമമാണ്. രാമന്റെ കുടുംബവും ഗ്രാമവാസികളും ഒരു മഴയ്ക്കു വേണ്ടി കാത്തിരിക്കുകയാണ്.

ഒരുദിവസം രാവിലെ രാമൻ കൃഷിസ്ഥലത്തേക്ക് പോവുകയായിരുന്നു . അദ്ദേഹം ചുറ്റും ഒന്ന് നോക്കി.ആകാശത്തു രത്നം തിളങ്ങുന്ന പോലെ സൂര്യൻ വെട്ടിത്തിളങ്ങുന്നു. കുടയായി നിന്നിരുന്ന മരങ്ങളെല്ലാം അവരുട കുട ചുരുട്ടിയിരിക്കുന്നു . വെയിൽ കാരണം ധാന്യ മണികളെല്ലാം സ്വർണത്തെ പോലെ തിളങ്ങുന്നു. കുറച്ച് കൃഷികൾ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. ഇതെല്ലാം കണ്ട രാമൻ അസ്വസ്ഥനായി. അവിടെ കണ്ട ഒരു മരച്ചുവട്ടിലിരുന്നു. രാമൻ അറിയാതെ ഒന്ന് മയങ്ങിപ്പോയി. ആ മയക്കത്തിൽ അദ്ദേഹം ഒരു സ്വപ്നം കണ്ടു. ഒരു സുന്ദര സ്വപ്നം. എല്ലാവരുടെയും സ്വപ്നമായ പച്ചപ്പ് നിറഞ്ഞ , തോരാതെ പെയ്യുന്ന ജലാശയമെല്ലാം നിറഞ്ഞൊഴുകുന്ന ഒരു സുന്ദര സ്വപ്നം. "ഏയ് രാമാ... എന്താ ഇത്, ഇവിടെ ഇരുന്ന് ഉറങ്ങുവാണോ?" ആരുടെയോ ശബ്ദം കേട്ട് രാമൻ പാതി മയക്കത്തിൽ നിന്നും ഉണർന്നു. അത് തന്റെ അയൽവാസി ഉണ്ണിയായിരുന്നു. 'ആ നീയോ ഞാൻ അറിയാതെ ഒന്ന് ഉറങ്ങിപ്പോയി. രാമൻ എണീറ്റുകൊണ്ടു പറഞ്ഞു. "ഉം, എന്താലെ.... നമ്മുടെ ഗ്രാമത്തിന്റെ അവസ്ഥ, ഒരു മഴ ലഭിക്കാൻ ഇനി നമ്മളെല്ലാം എന്ത് ചെയ്യുണാവോ?" ഉണ്ണി സങ്കടത്തോടെ പറഞ്ഞു."അറിയില്ല ഉണ്ണി നമുക്ക് പ്രതീക്ഷിച്ചിരിക്കാം. എന്നെങ്കിലും ഒന്ന് വർഷിക്കാതിരിക്കില്ല. ദൈവം കൈവിടില്ല ഉണ്ണീ."രാമൻ മറുപടിയായിപ്പറഞ്ഞു. ഹാ, പെയ്യട്ടെ അതല്ലെ

നമുക്ക് വേണ്ടത്, എന്നും പറഞ്ഞ് ഉണ്ണി പോയി. രാമൻ സങ്കടം ഉള്ളിൽ ഒതുക്കിക്കൊണ്ട് തൻെറ വീട്ടിലേക്ക് മടങ്ങി . തന്റെ ഭാര്യയുടെ അടുത്തേക്കു പോയി. അവൾ അങ്ങനെ കിടക്കുന്നു. രാമുവിനെ കണ്ടവൾ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കി. രാമൻ ഒന്നു ശ്രദ്ധിച്ച് നോക്കി. അവളുടെ കണ്ണിൽ നിന്ന് കണ്ണുനീരൊഴുകുന്നുണ്ടായിരുന്നു. രാമനൊന്നും പറയാതെ അവളുടെ ആടുത്തിരുന്ന് അവളുടെ ഈ അസഹനീയമായ അവസ്ഥകണ്ട് രാമന്റെ ഉള്ള് പിടഞ്ഞു. അവളാകെ അസ്വസ്ഥത കാണിക്കാൻ തുടങ്ങി, മെല്ലെ മെല്ലെ ചുമച്ചു. പിന്നെ അത് തുടർന്നു. ഇത് കണ്ട രാമൻ മരു്ന്ന് നൽകാനായി മരുന്നെടുത്തു. അതെടുത്തപ്പോഴാണ് രാമൻ ശ്രദ്ധിച്ചത് അതിൽ മരുന്ന് കഴിഞ്ഞിരിക്കുന്നു. പെട്ടെന്ന് മരുന്ന് വാങ്ങാനായി കീശ തപ്പി അതിൽ ഒരു ചില്ലിക്കാശും ഇല്ലായിരുന്നു. രാമൻ പുറത്ത് വരാന്തയിൽ പോയിരുന്നു. തന്റെ കൃഷിസ്ഥലത്തേക്ക് നോക്കിയിരുന്നു. രാമന്റെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഈ സമയത്താണ് അമ്മു സ്കൂൾ വിട്ട് വന്നത് പതിവില്ലാതെ അച്ഛനെ കോലായിൽ കണ്ട് അവൾ ചോദിച്ചു. എന്തുപറ്റി അച്ഛാ മുഖം വല്ലാതിരിക്കുന്നല്ലോ..? എന്താ ഇത് കേട്ട രാമൻ ഒന്നുമില്ല മോളെ അമ്മയുടെ മരുന്നു കഴിഞ്ഞു അതു വാങ്ങാനായി എന്റെ അടുത്ത് ഒരു കാശുമില്ല കൃഷിയാണെങ്കിൽ വെയിൽ കാരണം നശിച്ചു. ഞാനെന്താ ചെയ്യാ മോളെ..? അച്ഛന്റെ സങ്കടം കേട്ട് അമ്മു ആശ്വസിപ്പിച്ചു. സാരമില്ലച്ഛാ ഒക്കെ ശരിയാവും ഞാൻ പോയി അച്ഛന് കാപ്പി എടുത്തോണ്ട് വരാം തന്റെ മകളുടെ വാക്കുകൾ കേട്ട് അദ്ദേഹത്തിന്റെ നെഞ്ച് പൊട്ടി. അവൾ അമ്മക്കും അച്ഛനും കാപ്പി കൊടുത്തു. അവൾ അച്ഛന്റെ അടുത്ത് വരാന്തയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് അവൾ ഒരു ശബ്ദം കേട്ടു. ഇടിയുടെ ശബ്ദമല്ലേ അത് അമ്മു ഉച്ചത്തിൽ വിളിച്ചു പറഞ്ഞതുകേട്ട് രാമൻ ആഹ്ലാദിച്ചു മുറ്റത്തേക്കിറങ്ങി. ആകാശത്തേക്കുനോക്കി ചെറു മഴത്തുള്ളി രാമന്റെ മനസ്സിനെ തണുപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കവിളിൽ തൊട്ടുതലോടി ആ മഴത്തുള്ളികൾ ഗ്രാമത്തിൽ മുഴുവൻ പുതുമണംപരത്തി. ആ ഗ്രാമവാസികൾ മുഴുവൻ സന്തോഷിച്ചു രാമൻ മനസ്സറിഞ്ഞ് ദൈവത്തോട് നന്ദി പറഞ്ഞു.



സാഹിദ്.സി 9 D

# മരണം ഭയങ്കരം

പേടിയാണ് എനിക്ക് ഈ ഭ്രമിയെ
എന്തിനെന്ന് അറിയില്ലാ
മനോഹരമായ ഈ ഭ്രമിയെ
ആസ്വദിക്കാൻ കഴിയുന്നില്ല എനിക്ക്
നീറുന്ന നെഞ്ചുകൾ ഉരുകുന്ന എൻ ഹൃദയം
എന്തിനേ ഈശ്വരാ എന്നെ നീ സൃഷ്ടിച്ചു
തിന്മനിറഞ്ഞ ഈ ലോകത്ത്
കുമിളപോലെയുള്ള ഈ ജീവിതം
എന്തിൻ നീ എനിക്ക് ഏകി
എന്റെ കവിളിലൂടെ ഒലിക്കുന്ന ഭയത്തിന്റെ ചുടുകണ്ണുനീർ
നെഞ്ചിൽ ജ്വലിക്കുന്ന ഭയത്തിന്റെ തീ ജ്വാലകൾ
ഉത്തരങ്ങൾ ഇല്ലാത്ത ചോദ്യവുമായ് മടങ്ങാൻ
എന്നിൽ എന്നെ നീ ഇവിടെ ജനിപ്പിച്ചു
ഒരു നാൾ ജനിച്ചവൻ എരുനാൾ മരിക്കുമീ ലോകത്ത്
എന്ന സത്യം എന്തിനീ ലോകത്ത്
ഭയമാണ് എനിക്ക് ആ വേദനയേറിയ ആ വിരഹം
കഴിയില്ലാ പിരിയാൻ എനിക്ക് എന്റെ കുടുംബത്തെ
കഴിയില്ലാ പിരിയാൻ എനിക്കെന്റെ ലോകത്തെ
ഒരു നാൾ ജനിച്ചവൻ ഒരു നാൾ മരിക്കുമീ ലോകത്ത്
എന്ന സത്യം ഞാൻ ഓർക്കുന്നു എപ്പോഴും



നദീമത്ത് സ്വബീഹ. വി 10 G

# മധുര ബാല്യം

പുസ്തകത്താളിൽ ഞാനന്നു സൂക്ഷിച്ച
മയിൽപ്പൂലിക്കണ്ണുളു പെരുകിയില്ല
കുന്നോളം സൂക്ഷിച്ച കുന്നിമണികളും
മുത്തശ്ശി തന്നുടെ വിക്രമാദിത്യനു-
മിന്നെൻ ചിത്രത്തിൽ നിറഞ്ഞിടുന്നു.
സ്ലേറ്റിന്റെ  കാത്തിതാ മഷിത്തണ്ടു-
മൊന്നിന് വാടിക്കരിഞ്ഞീടവേ
കാലം കൊലുസിട്ട് ഓടവേ
ഞാനൊന്നു കാലത്തെ ചങ്ങലബന്ധിയാക്കി
ഓർമകൾ ഞൊട്ടിനുണയവേ
ഞാനിന്ന് കേവലമഞ്ചു വയസ്സുകാരി
ഇനിയൊരു തവണയാ-
കുഞ്ഞാവയാകുവാൻ;
മധുരബാല്യത്തിൽ മാമ്പഴച്ചാറളു-
കൊതിളുരെ ആസ്വദിപ്പിക്കാൻ,
വീണ്ടുമൊരു കൊതി,
എന്നിൽ വളരുന്ന കൊതി,
മധുര ബാല്യത്തിൻ കൊതി.



ആയിഷ ജുസൈന.പി

# മരതകതെന്നൽ

മരതകതെന്നലേ നീ മലനാട്ടുകൾ താണ്ടി
മരതക കുളിർ വേതമോതി വന്നാലും
ഇരുളമാം എൻ മസ്സിനെ നീ
തലോടി കുളിരണിയിച്ചാലും
എൻ മനസ്സെന്ന പൂവാടിയിൽ
ഒരായിരം ഹർഷ പുഷ്പം വിരിയിപ്പൂ
മരതകാറ്റേ കുളിരേകും കാറ്റേ
മനസ്സിന് ആലന്ദ മേകും കാറ്റേ
നാഷത്തിൻ തുടക്കവും നീ
ഹർഷത്തിൻ തുടക്കവും നീ
മരതക തെന്നലേ
കുളിരേകും തെന്നലേ
നീ നിൻ സ്വപ്ന ഗാനം എൻ-
കാതിൽ ഒന്നോതുമോ.......



സൂര്യ .ടി

# കലാലയ ജീവിതം

നമ്മുടെ ജീവിതത്തിൽ ഏറ്റവും മനോഹരമായ ഒരു നിമിഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്.ഏതൊരാളും മനസ്സിൽ തങ്ങിനിൽക്കുന്ന അല്ലെങ്കിൽ മറക്കാൽ കഴിയാത്ത ഒരോർമ്മയാണ് തന്റെ കലാലയ ജീവിതം.

തന്റെ ബാല്യത്തിലും കൗമാരത്തിലും,എന്നു മാത്രമല്ല വാർദ്ധ്യക്യത്തിൽ വരെ ഈ ഓർമ്മകൾ എന്നും നമ്മുടെ മനസ്സിൽ പൊടിപിടിക്കാത്ത മനോഹരമായ മനസ്സിന്റെ പൂന്തോട്ടത്തിൽ നാം സൂക്ഷിക്കും. എന്റെ ഒരു ഓർമ്മ പറയാം......

ഞാൻ രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി സബ്ജില്ലാ കലോൽസവത്തിന് പോകുന്നത്. ഭയങ്കര പേടിയുള്ള ആളായിരുന്നു ഞാൻ. അന്ന് ഞാൻ മലയാളം പദ്യം ചൊല്ലൽ ആദ്യമായി മൽസരിക്കുന്നു.ഞാനിപ്പോൾ പഠിക്കുന്ന തച്ചിങ്ങനാടം സ്കൂളിൽ തന്നെയായിരുന്നു അന്നത്തെ സബ്ജില്ല. അന്ന് സുഗതകുമാരിയുടെ ആന എന്ന കവിതയാണ് ഞാൻ ചൊല്ലിയത്. എന്താവും അതിന്റെ അവസ്ഥയെന്ന് അറിയാതെയായിരുന്നു ഞാൻ.ചൊല്ലി കഴിഞ്ഞ് ചോറുണ്ണാൻ പോയി. അതു കഴിഞ്ഞ് വന്നപ്പോൾ ഞെട്ടിപ്പോയി.കാരണം മലയാളപദ്യത്തിന്റെ റിസൾട്ട് വന്നു.എന്റെ റിസൾട്ട് അറിയാൻ അവിടെ നിന്നിരുന്നത് സുമിത്ര ടീച്ചറായിരുന്നു.എനിക്കാണ് ഒന്നാം സ്ഥാനം എന്നു പറഞ്ഞപ്പോൾ ഞാൻ ഞെട്ടി.അന്ന് എന്നെ കവിത പഠിപ്പിച്ച ശ്രീജ ടീച്ചർ പറഞ്ഞ വാക്കാണ് ഇന്ന് ഇവിടെ എന്നെ കേരളത്തിൽ നവചേതനയുടെ വാനമ്പാടി എന്നു അറിയപ്പെടുന്ന സൂര്യയാക്കിയത്.അന്ന് ടീച്ചർ പറഞ്ഞത് എന്താവും എന്ന ചോദ്യം എല്ലാവർക്കും ഒരു ചോദ്യം ഉണ്ടാവും അല്ലേ? അതിനുള്ള ഉത്തരം ഇതാ എന്റെ ജീവിതം തന്നെ.

നമ്മളെ അവസരങ്ങൾ തേടി വരുകയില്ല,അവസരങ്ങളെ നാം തേടി പോകണം.ഒന്നിനെയും പേടിക്കാതെ സധൈര്യം മുന്നോട്ട് പോകണം.വിജയം തേടിവരിക തന്നെചെയ്യും എന്ന ടീച്ചറിന്റെ വാക്കുകൾ ഇന്നും എന്റെ വഴികാട്ടിയാകുന്നു.



ഹസീബ കെ 9 D

# വിധി

അന്നൊരു സന്തോഷത്തോടെയുള്ള പുലരിയോടെയാണ് നീനുമോൾ ഉറക്കമുണർന്നത്. കാരണം അന്ന് അവളുടെ അച്ഛൻ അമേരിക്കയിൽ നിന്നും വരുന്ന ദിവസമായിരുന്നു. അവൾക്ക് രണ്ട് വയസ്സുള്ളപ്പോൾ ജോലിക്ക് വേണ്ടി പോയതാണ് അവളുടെ അച്ഛൻ, തന്റെ അച്ഛനെകുറിച്ച് അമ്മ പറഞ്ഞു തന്ന അറിവേ അവൾക്ക് ഒള്ളൂ. എന്നാലും അച്ഛൻ എന്ന് വെച്ചാൽ അവൾക്ക് ജീവനായിരുന്നു, മാത്രമല്ല അച്ഛൻ വരുമ്പോൾ തനിക്ക് ഒരുപാട് കുഞ്ഞുടുപ്പുകളും, കളിപ്പാട്ടങ്ങളും, മിഠായികളും കൊണ്ടുവരും, അവളുടെ ക്ലാസിലുള്ള കുട്ടികളെല്ലാം തങ്ങളുടെ അച്ഛൻമാർ കൊണ്ടുവന്ന സാധനങ്ങളെപറ്റിയൊക്കെ പറയുമ്പോൾ അവൾക്കും കൊതിയായിരുന്നു അതുപോലെ തനിക്കും കിട്ടിയിരുന്നെങ്കിലെന്ന്. തന്റെ അച്ഛനെപറ്റി ഒരുപാട് സങ്കൽപ്പങ്ങൾ നീനുവിനുണ്ട്. അച്ഛൻ അമേരിക്കയിൽ നിന്നും വരുന്നെന്ന് അമ്മ പറഞ്ഞതിൽ പിന്നെ ഊണും ഉറക്കവുമില്ല നീനുവിന്. അച്ഛൻ വരുന്നതും കാത്തിരിപ്പാണ് ആ വീട്ടിലെ എല്ലാവരും. നീനുവിന് ഒരു മുത്തശ്ശിയുണ്ട്. അവൾക്ക് മുത്തശ്ശിയെ ഇഷ്ടമാണെങ്കിലും ചില സമയത്ത് ദേഷ്യമാണ് മുത്തശ്ശിയോട്, എപ്പഴും ഇങ്ങനെ ഓരോന്ന് ചോദിച്ചു കൊണ്ടിരിക്കും ചിലപ്പോൾ ഒരുപാട് തവണ ചോദിച്ച കാര്യങ്ങളായിരിക്കും ചോദിക്കുക, പിന്നെ സന്ധ്യസമയമായാൽ പിന്നെ ഒരു കളിയും പാടില്ല, വേഗം നാമം ജപിക്കാനിരിക്കണം. അല്ലേൽ പിന്നെ മുത്തശ്ശിയുടെ വായയിലിരിക്കുന്നത് മുഴുവൻ കേൾക്കേണ്ടി വരും. അങ്ങനെ ദിവസങ്ങളെല്ലാം പെട്ടന്ന് കഴിഞ്ഞു പോയി. ഒരു ദിവസം രാവിലെ നീനു മോൾ ഉറങ്ങുകയായിരുന്നു അമ്മ സാധനങ്ങൾ വാങ്ങിക്കാൻ കടയിൽ പോയതായിരുന്നു. ഉറങ്ങുന്നതിനിടയിൽ നീനു ഒരു ദുസ്വപ്നംകണ്ടു, തന്റെ അച്ഛൻ വരുന്ന വിമാനം കടലിലേക്ക് വീഴുന്നു തന്റെ അച്ഛനും മറ്റു യാത്രക്കാരുമെല്ലാം കടലിലേക്കു വീണു. അപ്പോൾ ഒരു വമ്പൻസ്രാവ് അവളുടെ അഛന്റെ അടുത്തേക്ക് വന്നു. അവൾ വേഗം അച്ഛന് തന്റെ കൈ നീട്ടി കൊടുത്തു. എത്ര നീട്ടിയിട്ടും അച്ഛന്റെ അടുത്തേക്ക് നീനുവിന്റെ കൈ എത്തിയില്ല. അപ്പോഴേക്കും ആ സ്രാവ്

അഛനെ വിഴുങ്ങി. അവൾ പെട്ടെന്ന് ഉറക്കത്തിളൽ നിന്നും ഞെട്ടി ഉണർന്ന് പേടിച്ച നിലവിളിക്കാൻ തുടങ്ങി. ഇത് കേട്ട അമ്മ ഓടിവന്ന് അവളെ കെട്ടിപ്പിടിച്ച് കാര്യംതിരക്കി, അവൾ എല്ലാം അമ്മയോട് പറഞ്ഞു. ഇത് കേട്ട അമ്മ അവളെ സമാധാനിപ്പിച്ചു. അച്ഛന് ഒരു അപകടവും പറ്റില്ല എന്നും അതിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചാൽ മതി എന്നും അമ്മ നീനു മോളോട് പറഞ്ഞു. അവൾ അവിടെനിന്നു കൊണ്ടു തന്നെ തന്റെ അച്ഛന് ഒന്നും സംഭവിക്കരുതേ എന്ന് ദൈവത്തോട് മനം ഉരുകി പ്രാർത്ഥിച്ചു. എന്നിട്ട് എണീറ്റുവന്ന് വായും മുഖവും കഴുകി ഭക്ഷണംകഴിച്ചു. അപ്പോഴും തന്റെ അച്ഛനെന്തെങ്കിലും സംഭവിക്കുമോ എന്നുള്ള ഭയത്തിലായിരുന്നു അവൾ. അച്ഛനൊന്നും സംഭവിക്കരുതേയെന്നുള്ള പ്രാർത്ഥനായിരുന്നു അവളുടെ ഏക ആശ്വാസം. അങ്ങനെ ദിവസങ്ങളെല്ലാം പെട്ടെന്ന് കഴിഞ്ഞു പോയി അവരെല്ലാവരും സന്തോഷത്തോടെ കാത്തിരുന്ന ആ സുദിനം വന്നെത്തി. അന്ന് പതിവില്ലാത്ത സന്തോഷത്തോടെയാണ് നീനു ഉറക്കമുണർന്നത്. അഛൻ രാവിലെ എത്തുമെന്നാണ് പറ്ഞ്ഞിരുന്നത്. നീനു അതിരാവിലെതന്നെ കുളിച്ച് പുത്തനുടുപ്പിട്ട് ഒരുങ്ങിനിന്നു. നേരം ഒരുപാടായിട്ടും അഛനെ കണ്ടില്ല. നീനു ഗേറ്റിന്റെ അടുത്ത് കുറേനേരം ചെന്നുനിന്നു നോക്കി മുത്തശ്ശനോട് സങ്കടത്തോടെ ചോദിച്ചു "എന്താ മുത്തച്ഛാ എന്റെ അഛൻ വരാത്തെ" എന്ന്. ഇപ്പോൾ വരും മോളെ അഛൻ വല്ല ട്രാഫിക്കിലും പെട്ടു കാണും എന്ന് പറഞ്ഞ് മുത്തശ്ശൻ അവളെ സമാധാനിപ്പിച്ചു. നേരം വീണ്ടും ഒരുപാട്കഴിഞ്ഞു എന്നിട്ടും അഛന്റെ ഒരു വിവരവും ഇല്ലാ എന്നുകണ്ട നീനുവിന് കരച്ചിലടക്കാൻ കഴിഞ്ഞില്ല. അമ്മക്കും മുത്തശ്ശിക്കുമെല്ലാം അവളെ എന്തുപറഞ്ഞ് ആശ്വസിപ്പിക്കണം എന്ന് അറിയില്ലായിരുന്നു. ആ സമയത്താണ് പത്രക്കാരൻ പത്രവുമായി വന്നത്. മുത്തശ്ശൻ ആ പത്രമെടുത്ത് നോക്കി. പിന്നീട് എന്ത് ചെയ്യണം എന്ന് ആ മുത്തശ്ശന് അറിയില്ലായിരുന്നു. കാരണം അന്നത്തെ പത്രത്തിലെ ആദ്യപേജിലെ വാർത്ത ഇതായിരുന്നു "അമേരിക്കയിൽ നിന്നുമുള്ള വിമാനാപകടത്തിൽ മലയാളി സി. മുരളീധരനും"



മുഹമ്മദ് സഹീദ് കെ ടി. 9D

# കാലം

മാറുന്ന കാലത്തിനതീതമായി മാറിടും മനുഷ്യൻ
ഈ ലോകത്തിൻ  ഭാരമോ അതോ ഭൂമിയുടെ വരദാനമോ....
സംശയാതീതമായ് ചൊല്ലിടാം നമുക്ക് ഭൂമിക്ക് തന്നെ
ദ്രോഹം ചെയ്യിടും മനുഷ്യൻ ഈ ഭൂമിക്ക് തന്നെ ഭാരമെന്ന്....
ളുമ്പയെന്നൊരായുധം വിയർപ്പാക്കി തീർത്ത മനുഷ്യനേ
ഇന്നീ ലോകത്ത് നിന്ന് വിടചൊല്ലിയിരിക്കുന്നു...
മലയാള മണ്ണിൻ തനിമ പകർന്നിടും നൃത്തചുവടുകൾ ഇനി കാണുകില്ലാ....
പൂഴയോരമേടുകളിൽ ആർത്തുല്ലസിച്ചിടും ജന്തുജാലങ്ങൾ ഇന്ന്
എങ്ങ് പോയീ.....
പഴമയുടെ കഥകൾ പറഞ്ഞ് വീശിടും കാറ്റുകൾ പോലും ഇന്ന്
ഇവിടെയില്ലാ....
മാറുന്ന കാലത്തിലെ മാറ്റമായ് തീർന്ന ഈ മാറ്റങ്ങൾ ഇന്ന് കേതകരം...
കാലമേറ്റുന്ന ഈ വേശപകർച്ചകൾ കാലം ഏകുന്ന സമ്മാനമോഇത്...
കാരണമില്ലാതെ മത്സരിച്ചീടുന്ന  മനുഷ്യർക്കുള്ള ശിക്ഷയോ...
മാറുന്നക്കാലത്തിൽ കയ്യൊപ്പ് ചാർത്തിടും ലോകമേ നിൻ യാത്ര
എങ്ങോട്ട്........



ഗൗരി കൃഷ്ണ 8 B

# Dream from a paper boat

The crimson red rises
the light rays passes through the hands of trees
My dreams started to sleep
I looked through the grills
Children rushing the river
the birth place of the little roses,
Wondering I rushed there
I saw they were playing with paper boats
Some were standing and sitting
In the paper boat
I wondered
In a small paper boat
Huge one's are sitting
Like an Elephant sitting upon ant.
My friends were there,
Singing and rejoicing
They pushed me to a boat
The boat began to move
In the sky through the clouds
Moving like a cheetah
A fairyland like a fairytale
In the Blue tent, green tent were
Spread with vivid colours
With a fragrance
Life of mine is like a paper boat
loneliness had eaten my heart
Love was invisible in my life
My life was like a paper boat
Life alone in a sea
Fairies took me,
Flying high as a bird
On a green tent lies my
Father and Mother

Singing...
I Wondered I was in heaven
They were crying
Their tear drops spread
Through my head
My eyes were sparkling like a diamond
My heart filled with blossom
Happiness spread through my body
The morning birds were chirping
I Opened my eyes
My Mother, my father
vanished,
Alas, It was a dream.
Dream can not be true
Can it be
I want it to be
My shadows lift me
Life of mine is like a paper boat
Loneliness head eaten my heart
Love was a dream for me
Like a paper boat my
Life was left alone in sea
I want my dream to be true
A waste paper turned
To a beautiful boat
Then  my life would become beautiful
My life would become more beautiful



ലുത്ഫിയ തസ്നി .എൻ.ടി 9 D

# കേരളത്തെ പിടിച്ച് കെട്ടിയ മഹാമാരി

ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതി തകർത്ത മഹാപ്രളയത്തെ നാം നേരിൽ കണ്ടതല്ലേ. മനുഷ്യമനസാക്ഷിയെ പോലും അക്ഷരാർഥത്തിൽ ഞെട്ടിച്ച പ്രളയത്തിൽ ജാതി മതഭേതമന്യേ എല്ലാവരും ജീവനുവേണ്ടി നെട്ടോട്ടമോടുന്നത് നാം കൺ മുന്നിൽ കണ്ടതല്ലേ അവയെല്ലാം. മലയാളമണ്ണിനെ ഒന്നാകെ വെള്ളത്തിൽ മുക്കിയ മഹാപ്രളയത്തിൽ നാടും റോടും വെള്ളത്തിൽ മുങ്ങിയപ്പോൾ സ്വന്തം ജീവൻ മറന്ന് രക്ഷകരായി എത്തിയത് ജീവിതം കടലിൽ സമർപ്പിച്ച നമ്മുടെ സ്വന്തം മത്സ്യതൊഴിലാളികൾ ആണ്. മത്സ്യതൊഴിലാളികൾക്ക് ക്കൂട്ടായി രാവും പകലും ഇല്ലാതെ സജീവമായി പ്രവർത്തിച്ച സേനാ അംഗങ്ങൾക്കും മനുഷ്യ മനസിന്റെ ആഴതടങ്ങളിൽ നിന്ന് ഒരായിരം നന്നി നേരുന്നു.1924 ൻ ശേഷം കേരളം കണ്ട മഹാപ്രളയത്തിൽ ദുരിതങ്ങൾ അനുഭവിച്ച ഓരേ മലയാള മക്കൾക്കും സഹായസഹകരണങ്ങളുമായി എത്തിയ കേരള സർക്കാറിനും അകമഴിഞ്ഞ് സഹായിച്ച അയൽ സംസ്ഥാനങ്ങൾക്കും ഒറ്റവാക്കിൽ നന്ദി പറയുന്നു.



സാഹിദ്. സി

# കൂട്ടുകെട്ട്

കൽബിലെ  കടലാണ് ചങ്ങാതീ
കരളിലെ നോവാണ് ചങ്ങാതീ
എൻ ഭാവിയോ അവന്റെ കയ്യിൽ
എൻ ജീവിതം അവന്റെ കയ്യിൽ
വിദ്യാലയ വഴികളിൽ എൻ കൂടപ്പിറപ്പല്ലെ
പുസ്തക താളുകളിൽ നീ എൻ വഴികാട്ടിയല്ലെ
സങ്കട താളുകളിൽ നീ എൻ പൂന്തോട്ടമല്ലേ
നീ എൻ കൂടെ പിറക്കാത്ത കൂടപിറപ്പല്ലേ
കൽബിലെ കുളിർ തെന്നലാണ് നീ
പ്രണയിനിയെ മറക്കാൻ സാഹായിച്ച നീ
എൻ പ്രാണനായ് കൂടെ നടന്നു നീ
എന്തിനും ഏതിനും കട്ടിനായ് നീ
പുസ്തക താളുകൾ മറന്നാലും
നീ  എന്നുള്ളിൽ കെടാ ദീപമായ്
ഒരുമിച്ച് നുകർന്ന മിഠായി പോലെ
മധുരിച്ചീടുന്നു എന്നു മെന്നും
എന്നുള്ളിലെ ആത്മാവ് അകലുവോളം
നിൻ വലം കയ്യായ് ഞാൻ..........



ലുത്ഫിയ തസ്നി .എൻ.ടി 9 D

# കൊതി തീരാത്ത ബാല്യം

കൊച്ചു സഞ്ചിയിൽ ഞാനന്നൊളിപ്പിച്ച
മഞ്ചാടി മണികളായിരുന്നെന്റെ കൂട്ട്
തൊടിക താണ്ടി ഞാൻ നടന്നിട്ടും
തുപ്പലപ്പൊട്ടിയും മഷിത്തണ്ടും തേടി
തേനൂറും മുത്തശ്ശിക്കഥകൾ കേൾക്കാനായി
രാത്രിയെ എന്നും ഞാൻ കൂട്ട് പിടിച്ചു
ഗൃഹത്തിലെ പൂച്ചയെ തലോടിയും
വാലിൽ വലിച്ചു രസിച്ചു ഞാൻ
വാനിൽ പറന്നീടുന്ന കൊച്ചു പക്ഷിയെ
കയ്യിലെടുക്കാനായ് കൊതിച്ചു ഞാൻ
തേനൂറും ചക്കര മാമ്പഴങ്ങൾ
കൊതിയോടെ നുകർന്ന് രസിച്ചു ഞാൻ
കളിമണ്ണാൽ തീർത്ത കുസൃതികളെല്ലാം
എന്റേതെന്ന് അഹങ്കരിച്ചു ഞാൻ
ഇരുളിൽ വാനം നോക്കി ചൊന്നീടുന്നു-
ആ തേങ്ങാപ്പൂളും താരകളുമെന്റേതുമാത്രം
മിന്നിത്തിളങ്ങി അഥിതിയായെത്തുന്ന
മിന്നാമിനുങ്ങിൻ കൂടെയോടി
ഓർമകൾ മൊട്ടിട്ടു വിരിയാനൊരുങ്ങുമ്പോൾ
എൻ മൊട്ടിനെ തല്ലി ഒാടിച്ചീടുന്നു ആരോ
ഇനിയൊരു തവണയാ ബാല്യം വരികയാൽ
കൊതിതീരെ ആസ്വദിപ്പു ഞാൻ
ഇനിയാ കാലമെന്നിലില്ലെന്നറിയുമ്പോൾ
കൊതിപ്പൂ ഞാൻ പിന്നെയും പിന്നെയും!



നിമ്യ 8B

# വാത്സല്യം

ഒരു ഉൾഗ്രാമത്തിലായിരുന്ന രാമുവും അവന്റെ അമ്മസുലോചനയും താമസിച്ചിരുന്നത്. വിശാലമായ പാടത്തിൻെറ കരയിലാണ് അവരുടെ താമസം. രണ്ടു മുറികളും ചെറിയ ഒരു കോലായും അടുക്കളയും ഉള്ള ഒരു കൊച്ചു വീടാണ് അവരുടേത്. വീടുപണി ഇനിയും തീർക്കാനുണ്ട്. രാമുവിന്റെ അച്ഛൻ അവന് രണ്ടു വയസ്സുള്ളപ്പോൾ ഒരു അപകടത്തിൽ മരിച്ചതാണ്. മാത്രമല്ല രാമുവിനെ സഹായിക്കാൻ കുടുംബക്കാരാരും തന്നെയില്ല. തൊട്ടടുത്ത് ഒന്നുരണ്ട് അയൽവാസികൾഉണ്ട്. രാമുവിനെ വളർത്തി വലുതാക്കിയത് അവരാണ്. രാമു പഠനത്തിൽ മിടുക്കനായിരുന്നു എങ്കിലും അവന്  പഠിക്കാൻ അവസരം ലഭിച്ചിരുന്നില്ല. അവന്റെ അമ്മ കൂലി പണി ചെയ്താണ് കുടുംബം പുലർത്തിയിരുന്നത്. പിന്നീട് അമ്മക്ക് പണി ചെയ്യാൻ കഴിയാതെ വന്നതു കൊണ്ട് അവന് അവന്റെ പഠനം ഉപേക്ഷിക്കേണ്ടി വന്നു. പിന്നെ അവൻ പണിക്കു പോയി അമ്മയെ ശുശ്രൂഷിച്ചു.അവന്റെ അമ്മയുടെ ഏററവും വലിയ ആഗ്രഹമായിരുന്നു ഗുരുവായൂർക്ക് പോകണമെന്ന്. പക്ഷെ എന്നും പണി ചെയ്ത് ക്ഷീണിച്ച് വരുന്ന  തന്റെ മകനോട് എങ്ങനെ  ആ ആഗ്രഹം പറയും  എന്ന് ആ അമ്മയ്ക്കറിയില്ല. എന്നും തൻെറ മകൻ വരുന്നതും കാത്ത് രാമുവിൻെറ അമ്മ അവനെ കാത്തിരിക്കും. ഒരു ദിവസം രാമു വന്നപ്പോൾ അമ്മ തന്റെ മനസ്സിലുള്ള ആഗ്രഹം അവനുമായി പങ്കുവെച്ചു. അമ്മയുടെ ആഗ്രഹം കേട്ട രാമുവിന് സന്തോഷമായി. പിറ്റേന്നുതന്നെ അവൻ അമ്മയെയും കൂട്ടി ഗുരുവായൂരിലേക്ക് പോയി. അവിടെ എത്തിയപ്പോൾതന്നെ ഉച്ചയായിരുന്നു. അതുകൊണ്ടു തന്നെ ആ അമ്മ വളരെ ക്ഷീണിച്ചിരുന്നു. അവർ ഒരു ആൽമരത്തിന്റെ ചുവട്ടിൽ ഇരുന്നു. രാമു അമ്മയെ അവിടെ ഇരുത്തി ദാഹിച്ചു വലഞ്ഞ അമ്മയ്ക്ക് വെള്ളം കൊണ്ടു വരാൻ പേയി. അപ്പോൾ അവന്റെ അമ്മ ആൽമരത്തിന്റെ ഒരു അറ്റത്ത് ഒരു വൃദ്ധയായ സത്രീ ഇരിക്കുന്നത് കണ്ടു. ആ വൃദ്ധ ആകെ ക്ഷീണിച്ച് അവശയായിരുന്നു. അതുകണ്ട രാമുവിന്റെ അമ്മയ്ക്ക് അലിവ് തോന്നി. അവർ ആ വൃദ്ധയോട് കാര്യങ്ങൾ തിരക്കി, വളർത്തി വലുതാക്കിയ തന്റെ മക്കളെല്ലാം തന്നെ ഇവിടെ കൊണ്ടുവന്ന് ഉപേക്ഷിച്ചതാണെന്ന് ആ വൃദ്ധ വിഷമത്തോടെ പറ്ഞ്ഞു. ഇത്രയായപ്പോഴേക്കും രാമു അവിടെ എത്തി, അമ്മ അവനോട് കാര്യങ്ങളെല്ലാം പറഞ്ഞു. അതുകേട്ട രാമുവിനും ദയ തോന്നി. അങ്ങനെ അവർ ആ വൃദ്ധയേയും കൂട്ടി അവരുടെ വീട്ടിലേക്ക് പോയി. പിന്നെ അവർ മൂന്ന് പേരും ആ കൊച്ചു വീട്ടിൽ സന്തോഷത്തോടെ ജീവിച്ചു.



ഷാമിൽ വി പി 9C

# ശാസ്ത്ര ക്വിസ്സ്

1. ആദ്യമായി രസതന്ത്രത്തിൽ നോബൽ സമ്മാനം നേടിയ ശാസ്ത്ര്ജ്ഞൻ?
   J.H വാന്റ് ഹോഫ്
2. വിറ്റാമിൻ സി മിക്കവാറും രോഗങ്ങളെ ചെറുക്കും എന്ന വിശ്വസിച്ച പ്രശസ്ത ശാസ്ത്രകാരൻ?
   Linus pauling.
3. ശൂന്യതയിൽ പ്രകാശത്തിന്റ പ്രവേഗം 3 ലക്ഷം km/sec ആണ്.എന്നാൽ ശൂന്യതയിൽ ശബ്ദത്തിന്റ പ്രവേഗം സെക്കന്റിൽ എത്ര?
   ശൂന്യതയിൽ സഞ്ചരിക്കുകയില്ല
4. ചിറകുള്ള ഒരേയൊരു സസ്തനി?
   വവ്വാൽ
5. ജലത്തിന് ഏറ്റവും ഉയർന്ന സാന്ദ്രതയുള്ള താപനില?
   4 ഡിഗ്രി C
6. ഹരിതക തന്മത്രയിൽ അടങ്ങിയിട്ടുള്ള ലോഹം ഏത്?
   Magnesium (Mg)
7. തേനിൽ അടങ്ങിയിരിക്കുന്ന മുഖ്യ കാർബോഹൈഡ്രേറ്റ്?
   frutose
8. കടലാസ് ആദ്യമായി നിർമിച്ചത് ഏത് സസ്യം ഉപയോഗിച്ചാണ്
   papyrus
9. കുടം പുളിയിൽ അടങ്ങിയിട്ടുള്ള ആസിഡ്?
   hydroxy citric acid
10. രക്ത ഗ്രൂപ്പുകൾ കണ്ടെത്തിയ ശാസ്ത്രജ്ഞൻ?
    Carl land steiner



റിൻഷിയ ഫമിൻ പി 9 C

# കാത്തിരിപ്പിന്റെ ഒടുക്കം

അയാൾ വീട്ടിലേക്ക് കയറി. വീട്ടുകാരുടെ മുഖത്തെ സങ്കടം അയാൾ വായിച്ചെടുത്തു. സമാധാനിപ്പിക്കാൻ വാക്കുകൾ കിട്ടാതെയായി. വീട്ടിലെ ആളുകൾ ഒഴിഞ്ഞു. ഉമ്മറത്തിണ്ണയിൽ ഇരുന്നു. മനസ്സിൽ മുഴുവൻ തൻെറ ഭാര്യ. അയാൾ പിൻകാലത്തെക്കുറിച്ചുള്ള ആലോചനയിലാണ്. ജോലികിട്ടിയത് മുതൽ വീട്ടിലെന്നും കല്ല്യാണക്കാര്യമാണ്. അച്ഛനും അമ്മക്കും ഒരു മരുമോളെ വേണം അനിയത്തിക്ക് ഒരു നാത്തൂനെയും. അതിനായി അവർ നിർബന്ധിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. അവരുടെ നിർബന്ധത്തിനു വഴങ്ങി ഞാൻ അതിനു തയ്യാറായി. കല്ല്യാണം പറയാനായി അമ്മയും അച്ഛനും നടന്നുനടന്ന് അമ്മയുടെ കാലിന് വെയ്യാതെയായി. അതിനായി ധാരാളം പണം വേണ്ടിവന്നു. അങ്ങനെ കല്ല്യാണം കഴിഞ്ഞു. അവൾ ഒരു നിധിയെപ്പോലെയാണ് വീട്ടിലേക്ക് വന്നത്. അമ്മക്ക് തുണയായി അവൾ എന്നും ഉണ്ടായിരുന്നു.

അവളുടെ ആഭരണങ്ങൾ വിൽക്കേണ്ടി വന്നു. ആ പണം കൊണ്ടും ചികിൽസ തീർന്നില്ല. അതിന് ലോൺ എടുക്കേണ്ടി വന്നു. അങ്ങനെ ഒരു വിധം ചികിൽസ തീർന്നു.

അങ്ങനെ ഒരു ദിവസം രാവിലെ ആരോ വാതിലിൽ മുട്ടുന്നു. ഭാര്യ സുമ എന്നെ വിളിക്കുന്നു"രവിയേട്ടാ ആരോ നിങ്ങളെ വിളിക്കുന്നു". ഞാൻ ചെന്നു നോക്കുമ്പോൾ ബാങ്കിൽ നിന്നും ആളുകൾ വന്നതാണ്. അവർ കാര്യങ്ങൾ എന്നോട് പറഞ്ഞു. അവരുടെ ഭീഷണി എന്നെ വല്ലാതെ തളർത്തി. ഞാൻ അക്കരെ തപോകാൻ തീരുമാനിച്ചു. അവരുടെ കണ്ണീര് കണ്ടിട്ടാണെങ്കിലും ഞാൻ പോയി. കുറച്ചുദിവസം കഴിഞ്ഞു നാട്ടിൽനിന്ന് ഫോൺ വന്നു"രവിയേട്ടാ ബാങ്കിൽ നിന്ന് നോട്ടീസ് വന്നിരുന്നു". ഞാൻ പറഞ്ഞു "പണം ഞാൻ മുതലാളിയോട് ചോദിച്ചു തരാം എന്നാ പറഞ്ഞത്". മറ്റൊരു ദിവസം വിളിച്ചു "രവിയേട്ടാ നിങ്ങൾ അച്ഛനാകാൻ പോകുന്നു". ഞാൻ സന്തോഷംകൊണ്ട് മതിമറന്നു. ഞാൻ

മുതലാളിയുടെ അടുത്തുനിന്ന് ലീവ് ചോദിച്ചു. 5 മാസം കഴിഞ്ഞേ ലീവ് തരൂ എന്ന് മുതലാളി പറഞ്ഞു.

4 മാസവും കുറച്ച് ദിവസവും കഴിഞ്ഞു. നീണ്ട കാത്തിരിപ്പിന്റെ ഒടുവിൽ, രവി വിളിച്ചു നാളെ ഞാൻവരുന്നു എന്ന വിവരം അറിഞ്ഞ് സുമ ഉണങ്ങാനിട്ട തുണികൾ എടുക്കാൻ പോയ സമയം ,കോണിപ്പടികളിൽ നിന്ന് ഒരു ശബ്ദം കേട്ടു. പോയി നോക്കിയപ്പോൾ നിലത്ത് കിടക്കുന്നു. അവളും വയറ്റിലെ കുഞ്ഞും.

പെട്ടെന്ന് ഞെട്ടിയെണീറ്റു. കണ്ണിൽ നിന്ന് കണ്ണുനീർ ഉതിർന്നു വീണു. നീണ്ട കാത്തിരിപ്പിന്റെ ഒടുവിൽ അവന് കിട്ടിയ സമ്മാനം ഇതായിരുന്നു.



9 D സാഹിദ്.സി

# മൂടിവെക്കപെട്ട കഴിവ്

മനു ഒരു ഒമ്പതാം ക്ലാസ്  വിദ്യാർത്ഥിയാണ് മാത്രമല്ല, അവൻ നന്നായി പാട്ട് പാടുന്നവനും കൂടിയാണ്.എന്നാൽ അവൻ വേദിയിൽ കയറി പാടുന്നതിൽ തീരെ ഇഷ്ടമില്ലായിരുന്നു കാരണം അവന് പേടിയായിരുന്നു. അവൻ ക്ലാസിലെ കൂട്ടുകാർക്ക് മുന്നിൽ പാടും എന്നല്ലാതെ ഒരു വേദിയിലും അവൻ അവന്റെ കഴിവിനെ പ്രകടിപ്പിക്കില്ലായിരുന്നു.

ഒരു ദിവസം അവന്റെ മലയാള അധ്യാപിക ക്ലാസിൽ വന്ന് പറഞ്ഞു അടുത്ത ഈ ദിവസം നമ്മുടെ സ്കൂളിൽ കലോത്സവം ആണ് നിങ്ങളുടെ കൂട്ടത്തിൽ നിന്നും ആരെങ്കിലും എന്തെങ്കിലും പരിപാടി അവതരിപ്പിക്കുന്നുണ്ടെങ്കിൽ നാളെ തന്നെ എന്റെ കയ്യിൽ പേര് നൽകണം എന്ന്. ടീച്ചറുടെ സംസാരം കഴിയേണ്ട താമസം ക്ലാസിലെ എല്ലാവരും മനുവിന്റെ പേര് പറഞ്ഞു അപ്പോൾ ടീച്ചർ ചോദിച്ചു മനുവോ? മനു എന്ത് പരിപാടിയാണ് അവതരിപ്പിക്കുക? അപ്പോൾ കൂട്ടത്തിൽ ഒരാൾ പറഞ്ഞു  മനു നന്നായി പാടും ടീച്ചർ എന്ന്. അതെയോ എങ്കിൽ ഈ കലോത്സവത്തിന് നമ്മുടെ ക്ലാസിൽ നിന്നും മനുതന്നെ മത്സരിക്കും എന്ന് ടീച്ചർ പറഞ്ഞു. പക്ഷെ മനു എതിർത്തു ഇല്ല ടീച്ചർ ഞാൻ പാടുകയൊന്നുമില്ല ഇവരെല്ലാം നുണപറയുകാണ് ഞാൻ മത്സരിക്കുന്നില്ല ടീച്ചർ എന്നായിരുന്നു മനു പറഞ്ഞത്.

ഇത് കേട്ടപാടെ കൂട്ടുകാർ എല്ലാവരും പറഞ്ഞു ഇല്ല ടീച്ചർ മനുവാണ് ഇവിടെ നുണപറയുന്നത്, അവൻ വേദിയിൽ കയറി പാട്ട് പാടാൻ ഭയമാണ് ഞങ്ങളുടെ മുന്നിൽ  അവൻ നന്നായി പാടാറുണ്ട് ടീച്ചർ എന്ന് . ഇത് കേട്ടപ്പോൾ ടീച്ചർ പറഞ്ഞു മനു നിനക്ക് പാടാനുള്ള കഴിവുണ്ട് എങ്കിൽ അന്ന് നീ പാടണം അവസരങ്ങൾ എപ്പോഴും നമ്മളെ തേടിവരണമെന്നില്ല നമ്മൾ അവസരങ്ങളെ തേടിചെല്ലണം എന്നാൽ നിനക്ക് ഇവിടെ അവസരം നിന്നെ തേടിവന്നിരിക്കുകയാണ് നീ അത് പാഴാക്കരുത് നിനക്ക് കിട്ടിയിട്ടുള്ള കഴിവ് നിസാരമല്ലാ പാടാനുള്ള കഴിവ് എന്നാൽ ദൈവത്തിന്റെ വരദാനമാണ് അതിനെ നീ മുതലെടുക്കണം എനിക്കറിയാം നീ പാടും എന്ന് നിന്നെ കൊണ്ട് അത് സാധിക്കും മനു. എന്ന് ടീച്ചർ പറഞ്ഞത് കേട്ടപ്പോൾ മനുവിന് മനസിലായി എനിക്ക്

കിട്ടിയ ഈ കഴിവ് ഞാൻ വെറുതെ പാഴാക്കേണ്ടതല്ല ഇത് ഞാൻ ഉപയോഗിക്കണം ഇത്രേം കാലം ഞാൻ ഭയപ്പെട്ട് ഇരുന്നു ഇനി അത് ചെയ്യുകൂട ഞാൻ ഈ കലോത്സവത്തിൽ പാടി വിജയിക്കുമെന്ന് എനിക്ക് ഉറപ്പായി. അപ്പോൾ ടീച്ചർ കുട്ടികൾക്ക് നേരെ തിരിഞ്ഞ് കൊണ്ട് പറഞ്ഞു മനുവിന്റെ ഈ തീരുമാനം നിങ്ങൾക്ക് എല്ലാവർക്കും പ്രജോദനം ആവട്ടെ "നമ്മുടെ കഴിവുകൾ, അത് എന്ത്തന്നെ ആയാലും അതിനെ നാം മൂടിവെക്കരുത്. അതിനെ നമ്മളാൽ കഴിയുംവിധം പ്രയോജനപ്പെടുത്തണം. എന്നാൽ അതിനെ ദുരുപയോഗം ചെയ്യുകയും അരുത്."



നീന ചന്ദ്രൻ

# തീവ്രവാദത്തിന്റെ ഉദയം

കോൺഗ്രസ് സമ്മേളനത്തിൽ ഗവൺമെൻറിനെതിരായ വിമർശനങ്ങൾ ഏറിവന്നു. ഗവൺമെൻറിന് ഈ പ്രവണത സഹിക്കാൻ കഴിഞ്ഞില്ല. ദിനം തോറും കോൺഗ്രസിനോടുള്ള വിരോധം ഏറിക്കൊണ്ടിരുന്നു.

കോൺഗ്രസിനുള്ളിൽ ഉൽപ്പതിഷ്ണുക്കൾ വളർന്നു. മിതവാദികളെ എതിർത്തു. വിപ്ലവകരമായ രാഷ്ട്രീയ പ്രക്ഷോഭണരീതികൾ അവർ സ്വീകരിച്ചു . അവരെ തീവ്രവാദികളെന്നു വിളിച്ചു . തീവ്രവാദിവിഭാഗത്തെ ലാലാലജ്പത് റായ് , ബാലഗംഗാധരതിലകൻ, ബിപിൻചന്ദ്രപാൽ എന്നീ നേതാക്കൻമാരായിരുന്നു നയിച്ചിരുന്നത്. ഇന്ത്യയുടെ ഭൂതകാല മഹത്വത്തിലേക്കു നോക്കാൻ അവർ ജനങ്ങളോട് ആവശ്യപ്പെട്ടു. അങ്ങനെചെയ്താൽ ദേശാഭിമാനവും അത്മവിശ്വാസവും സ്വയം വളർത്താൻ കഴിയുമെന്ന് അവർ പറഞ്ഞു . തിലകൻ 1890 മുതൽ കോൺഗ്രസിൽ പ്രവർത്തിച്ചു . മറാത്തഭാഷയിൽ കേസരി എന്ന പേരിലും ഇംഗ്ലീഷിൽ മറാട്ട എന്ന പേരിലും രണ്ട് പത്രങ്ങൾ ആരംഭിച്ചു ഈ പത്രങ്ങൾ ജനങ്ങളിൽ ദേശീയ വികാരം വളർത്തി . തിലകൻ തീവ്രവാദികളെയും ഗോഖലെ മിതവാദികളെയും നയിച്ചു .



ഗായത്രി സി.ആർ

# പൊൻ കൊടി

പാറട്ടെങ്ങനെ ഭാരതനാട്ടിൽ
മൂവർണക്കൊടി പാറട്ടെ
നാടൊട്ടുക്കും വീടൊട്ടുക്കും
മൂവർണക്കൊടി പാറട്ടെ
ഇന്നാണല്ലോ നമ്മൾക്കെല്ലാം
സ്വതന്ത്ര്യത്തിൽ  പൊൻസുദിനം
അടിമത്വത്തിൽ  നിന്നും നമ്മൾ
മോചിതമായൊരു  പൊൻസുദിനം
പാറട്ടങ്ങനെ  ഭാരതനാട്ടിൻ
മൂവർണ്ണക്കൊടി പാറട്ടെ
മൂന്നിറമുള്ളൊരു  കിളിയായി  നമ്മുടെ
വിജയപൊൻകൊടി പാറട്ടെ



റിൻഷാന കെ

# ഞാൻ........

യത്ര നാര്യസ്തു പൂജതേ
തത്ര രമദേ ദേവതാ

(എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ സന്തോഷിക്കുന്നു)

അർത്ഥവത്തായ ഈ ചൊല്ല് ഞാൻ ഈ അവസരത്തിൽ കടമെടുക്കുന്നു. കാരണം ഈ ചൊല്ലിലെ കണ്ണുനീരിനെ ഇന്ന് സ്ത്രീ തുടച്ചുമാറ്റിയിരിക്കുന്നു. അതെ സ്ത്രീ ഇന്ന് ശക്തയാണ്. സ്ത്രീ ഇന്ന് പുരുഷനേക്കാൾ ശക്തയാണ്. പല രംഗങ്ങളിലും സ്ത്രീ ഇന്ന് അവളുടെ കഴിവുകൾ തെളിയിച്ച് കൊണ്ടിരിക്കുകയാണ് ശാസ്ത്ര രംഗത്തായാലും സാമൂഹ്യരംഗത്തായാലും പഠന രംഗത്തായാലും  അവൾ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്.ബഹിരാകാശരംഗത്ത് വരെ  അവൾ കഴിവ് തെളിയിച്ചിരിക്കുന്നു.

പണ്ടത്തെ കാലമെടുത്താൽ അടുക്കളക്കപ്പുറം സ്ത്രീകളെ കാണാൻ സാധിക്കില്ല. അന്ന് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഞാൻ ഒരു പെണ്ണായായി പിറന്നതിൽ തികച്ചും അഭിമാനിതയാണ്. പെണ്ണായി പിറന്നത് കൊണ്ട് ഒരിക്കലും ഞാൻ  എന്റെവീടിന്റെ നാല് ചുമരുകൾക്ക് ഉള്ളിൽ ഒതുങ്ങിക്കൂടിയിട്ടില്ല. കറുത്ത  കൈകൾക്ക് മുന്നിൽ ഇരുട്ടിലകപ്പെട്ട സ്ത്രീത്വതിന്ന് വേണ്ടിയാണ് എന്റെ ശബ്ദം.

സ്ത്രീ ശക്തി ആർജിക്കും തോറും ചില സാമൂഹ്യ വിരുദ്ധരുടെ കൈകൾക്ക് മുന്നിൽ പല ഭൂരിഭാഗം സ്ത്രകളും കീഴ്പ്പെട്ടു പോകുന്നു. കൂട്ടിലകപ്പെട്ട പോയ കിളിയെപോലെ ഒതുങ്ങികൂടാതെ ഇന്ന് ലോകത്തിന്റെ യശസ്സ് ഉയർത്തി പ്പിടിക്കാൻ വേണ്ടി സ്ത്രീ മുന്നിട്ടിറങ്ങുകയാണ്. അവൾക്ക് മുന്നിൽ ഒന്നല്ല ആയിരമല്ല, പതിനായിരമല്ല, ലക്ഷംഅല്ല, കോടിക്കണക്കിന് സ്ത്രീകൾ അണിനിരക്കും, അവൾക്ക് താങ്ങായി തണലായി എന്നും. സ്ത്രീ ആരാണ് എന്ന് അറിയാത്ത കാട്ടാളന്മാർ ഇന്നും നമ്മുടെ സമൂഹത്തിൽ ഉണ്ട്. അവൾ

അമ്മയാണ്,ഭാര്യയാണ്,സഹോദരിയാണ്,മകളാണ്.........

ഒരു ചെങ്കുത്താൻമാർക്കും അവളെ തകർക്കാൻ കഴിയില്ല. അവൾക്ക് തിങ്ങായി തണലായി ഞങ്ങളുണ്ടാകും. ഈ ലോക ജനത തന്നെ അവർ ഉണ്ടാവും താങ്ങായി തണലായി..................



ഫാത്തിമ ജിഷാന.

# വെളിച്ചം

നേരം പുലരുകയാണ്. ഇരുട്ടിന്റെ മറവിൽ ഒളിഞ്ഞിരുന്ന ആ വെളിച്ചം പുറത്ത് വരുകയായി. ഒരു കൊച്ചു മിന്നാമിനുങ്ങിനെപ്പോലെ ആ പ്രകാശം ആ പ്രദേശത്താകെ പടർന്നു പന്തലിച്ചു. ശാന്തമായ ആ അന്തരീക്ഷത്തിൽ സൗമ്യമായ സ്വരത്തോടെ ഒരു ശബ്ദം , ഉണ്ണീ... ഉണ്ണീ എന്നായിരുന്നു അത് . പുഴയോരവക്കിലെ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന കൊച്ചു കുടിലിൽ നിന്നായിരുന്നു അത്. അമ്മ മകനെ വിളിച്ചുണർത്തുകയാണ്, "ഉണ്ണീ എണീക്ക് നേരം പുലർച്ചയായി" . "നേരം പുലർന്നതല്ലേയുള്ളൂ, കുറച്ചൂടെ കിടക്കട്ടെ". ഉണ്ണി പുതപ്പ് മുഖത്തേക്കിട്ട് അതിനുള്ളിൽ ഒന്നൂടെ ചുരുണ്ടു കൂടി. ചെറിയ ദേഷ്യത്തോടെ അമ്മ അടുക്കളയിലേക്ക് നടന്നു.

അമ്മയുടെ ആ പോക്ക് പുതപ്പിനിടയിലൂടെ അവൻ കണ്ടു. ഉണ്ണി വേഗം എഴുന്നേറ്റു. പുഴയിലേക്കു നടന്നു. തണുത്തു കോച്ചുന്ന ആ പളുങ്കു വെള്ളം കൊണ്ട് അവൻ മുഖം കഴുകി. അത് മനസ്സിനും ശരീരത്തിനും സുഖം നൽകുന്നതായിരുന്നു. പിന്നെ അൽപ്പനേരം ആ പുഴയിലൂടെ അലകളായ് ഒഴുകിക്കൊണ്ടിരിക്കുന്ന തിരകളുടെ കള നാദം കേട്ടുകൊണ്ട് അവൻ അവിടെ ഇരുന്നു. ആ ഇരുത്തം എന്നും അവന് സുഖം നൽകുന്നതായിരുന്നു. ഏതു തീരാത്ത ദുഃഖത്തിലും പുഴയുടെ ഓളങ്ങളിലൂടെയുള്ള കുളിർമ്മയാർന്ന കാറ്റ് മനസ്സിനെ തണുപ്പിക്കുന്നതായിരുന്നു. പലപ്പോഴും അവൻ അവിടെ പോയി ഇരിക്കാറുണ്ട്. ആ തണുത്ത കാറ്റിന്റെ തലോടലിൽ മതിമറന്നു അവൻ അവിടെ ഇരിക്കുമ്പോഴാണ് അമ്മയുടെ വിളി. അവൻ വേഗം പുഴയിലേക്കിറങ്ങി. തണുത്ത വെള്ളത്തിൽ മുങ്ങിക്കുളിച്ചു.

"ഉണ്ണീ കയറാറായില്ലേ..". വീണ്ടും അമ്മയുടെ വിളി. " ദാ വര്ണു അമ്മേ,"അവൻ വേഗം വീട്ടിലേക്കു നടന്നു. എളുപ്പത്തിൽ യൂണിഫോം മാറ്റി ചായകുടിച്ചു." ഉണ്ണീ ഒരു ദോശ കൂടി എടുക്കട്ടെ ", അടുക്കളയിൽ നിന്നും അമ്മ ചോദിച്ചു. "വേണ്ട മതി അമ്മേ.."അവൻ അമ്മയോടു യാത്ര പറഞ്ഞ് സ്കൂളിലേക്കു പുറപ്പെട്ടു. തന്റെ കണ്ണിൽ നിന്നും മറയുന്നത് വരെ സ്നേഹം തുളുമ്പുന്ന കണ്ണുകളോടെ ആ മകനെ നോക്കി നിന്നു. വിനയത്തിന്റെ മനസ്സോടെ

കാണുന്നവർകൊക്കെ ഒരു ചെറു പുഞ്ചിരി നൽകിക്കൊണ്ടു അവൻ നടന്നു നീങ്ങി. എല്ലാവരോടും അവനു വലിയ സ്നേഹം ആയിരുന്നു. അവർക്കെല്ലാം തിരിച്ചും അവനോട് അങ്ങനെ തന്നെ ആയിരുന്നു. അങ്ങനെ അവൻ സ്കൂളിൽ എത്തി മറ്റുള്ളവരെ പോലതന്നെ അധ്യാപകർക്കും അവനെ വലിയ ഇഷ്ടമായിരുന്നു. ഇതിനെല്ലാം കാരണം നിഷ്കളങ്കമായ സ്നേഹം നിറഞ്ഞ അവൻ്െ മനസായിരുന്നു.

എവിടേയും അവൻ ആകറ്റീവായിരുന്നു അതുപോലെ പഠനത്തിനും. ഉണ്ണി ഇപ്പോൾ ഒമ്പതാം ക്ലാസ് തീരാറായ്. ദിവസങ്ങൾ കടന്നുപോയി ദിവസവും അമ്മ ജോലി ചെയ്ത് കിട്ടുന്ന വരിമാനം കൊണ്ടായിരുന്നു അവരുടെ ജീവിതം. ഒമ്പതാം ക്ലാസിൽ കൊല്ല പരീക്ഷയായി. അവൻ നന്നായി പഠിച്ച പരീക്ഷ യായാൽ ഉണ്ണിക്ക് ഉറക്കം കുറവായിരുന്നു. പല രാത്രികളിലും അവൻ ഉറക്കം ഒഴിച്ച് പഠിക്കാറുണ്ട്. പഠന കാര്യങ്ങളിലെല്ലാം അമ്മ ഉണ്ണിക്ക് താങ്ങും തണലും ആയിരുന്നു. അങ്ങനെ വലിയപ്രയാസങ്ങൾ ഇല്ലാതെ അവൻ പരീക്ഷകൾ പൂർത്തിയാക്കി. പിന്നെ അവധിക്കാലം ആയിരുന്നു. ഉണ്ണിഅമ്മയുടെ ജോലിയിൽ സഹായിച്ചു. ആ രണ്ട് മാസം അവൻ അമ്മക്ക് താങ്ങായിരുന്നു.

സന്തോഷവും സമാധാനവും നിറഞ്ഞ ഒരുപാട് ദിവസങ്ങൾ അവരിൽ നിന്ന് കടന്ന് പോയി ഇടക്ക് ഒക്കെ അവർ രണ്ട് പേരും അമ്മയുടെ വീട്ടിൽ പോകും.അവിടം ഉണ്ണിക്ക് വലിയ ഇഷ്ടമായിരുന്നു. അവിടെയുള്ള കൂട്ടുകാരോടൊത്തുള്ള കളികളും കിടക്കാൻ നെരത്തേ അമ്മുമ്മയുടെ കഥകളും വളരെ രസകരമായിരുന്നു. ഇതെല്ലാം ഉണ്ണിക്ക് അവധിക്കാലത്തെ മറക്കാത്ത ഓർമകൾ ആയിരുന്നു. അങ്ങനെ സ്കൂൾ തുറക്കാനായി അടുത്ത വർഷം ഉണ്ണി പത്താം ക്ലാസിലെക്കായിരുന്നു. അമ്മയും അവനും ജോലിചെയ്ത പണം കൊണ്ട് അവൻ ബാഗും പുസ്തകങ്ങളും വാങ്ങി. സ്കൂൾ തുറക്കുന്ന ദിവസം ഉണ്ണിക്ക് വളരെ സന്തോഷമായിരുന്നു ഒമ്പതാം ക്ലാസിലെ കൊല്ലപരീക്ഷയുടെ പേപ്പറുകൾ എല്ലാം കിട്ടി ഉണ്ണി നല്ല മാർക്കോടുക്കൂടി വിജയിച്ചു. ഉത്തര പെപ്പറുകൾ കണ്ട അവന്റെ അമ്മക്ക് വളരെ സന്തോഷമായിപത്താം ക്ലാസിലെ പഠനം ആരംഭിച്ചു ഉണ്ണി പഠനത്തിൻ ഏറെ ശ്രദ്ധനൽകി.

ആകൊല്ലം വേഗത്തിൽ കടന്നുപോയി. ആദ്യത്തെ രണ്ട് പരീക്ഷകളിലും അവൻ നല്ല മാർക്കോടെ വിജയിച്ചു. പിന്നെ അവന്റെ ഭയം എസ് എസ് എൽ സി യി ൽ ആയിരുന്നു. ഏത് ഭയങ്ങളിലും കൂട്ടിന് അമ്മയുണ്ടായിരുന്നു. അതുപോലെ അദ്ധ്യാപകരും അവനെ നന്നായി ശ്രദ്ധിച്ചു. ഒരു ഡോക്ടർ ആവാനുള്ള അവന്റെ തീരാത്ത ആഗ്രഹത്തോടെയും വാശിയോടെയും അവൻ പഠിച്ചു . ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ച്തന്നെ വളർത്തിയ അമ്മയെ നന്നായി നോക്കണമെന്നുള്ള ആഗ്രഹം അവനിൽ വലുതായിരുന്നു. അതിനായി അവൻ പഠിച്ചു. പരീക്ഷ അടുത്തുവരികയായിരുന്നു. രാത്രികാലങ്ങളിൽ ഉറക്കമില്ലാതെ ഉണ്ണി പഠിച്ചു. ഒരോ രാത്രികളിലും അവന് കൂട്ടിനായി ആ സ്നേഹനിധിയായ അമ്മയുണ്ടായിരുന്നു. പരീക്ഷയുടെ തലേദിവസം ആദ്യത്തെ വിഷയം നന്നായിപഠിച്ച് അന്ന് രാത്രി അവൻ കിടന്നു. അവന് ഉറക്കം വരുന്നില്ലായിരുന്നു. നാളെത്തെ പരീക്ഷക്ക് വരുന്ന ചോദ്യങ്ങളായിരുന്നു അവന്റെ ചിന്ത. പഠിച്ചത് ഒരോന്നോരോന്ന് ഓർത്ത് കൊണ്ട് അനങ്ങനെ കിടന്നു. അതിനിടയിലെപ്പോഴോ അവൻ ഉറക്കത്തിലേക്ക് വഴുതിവീണു. പിറ്റേദിവസം നേരം പുലർന്നു. പതിവുപോലെ അവൻ പുഴയിലേക്ക് നടന്നു. ആ തണുത്ത വെള്ളത്തിലിറങ്ങി മുങ്ങിക്കുളിച്ചു. കുറച്ച്നേരം ആ കാറ്റിന്റെ തലോടലിൽ പുഴയോരത്തങ്ങനെ അവൻ ഇരുന്നു. അവന്റെ മനസ്സിനെ അവൻ തന്നെ മെല്ലെ സമാധാനിപ്പിച്ചു. കാരണം അവന് പരീക്ഷയെക്കുറിച്ച് പേടി കൂടുതലായിരുന്നു. പിന്നെ അവൻ വീട്ടിലേക്ക് നടന്നു. യൂണിഫോം മാറ്റി ചായ കുടിച്ച് സ്നേഹംനിറഞ്ഞ ആ അമ്മയുടെ മുഖത്ത് ഒരു കുഞ്ഞ്മുത്തം നൽകി അമ്മയോട് യാത്ര പറഞ്ഞ് അവൻ നടന്നുനീങ്ങി. ആ അമ്മ ഉണ്ണിക്ക് വേണ്ടി സകല ദൈവങ്ങളോടും പ്രാർത്ഥിച്ചു. അമ്മയുടെ പ്രാർത്ഥന പോലെ ഉണ്ണിയുടെ ആഗ്രഹങ്ങൾപോലെ പരീക്ഷകളെല്ലാം നല്ലരീതിയിൽതന്നെ അവന് എഴുതാൻസാധിച്ചു. പരീക്ഷ കഴിഞ്ഞ് വരുമ്പോഴുള്ള ഉണ്ണിയുടെ മുഖത്തെ സന്തോഷംകണ്ട് ആ അമ്മ വളരെയോറെ സമാധാനിച്ചു. അങ്ങനെ പരീക്ഷകളെല്ലാം അവസാനിച്ചു.

സ്കൂൾപൂട്ടി. ഉണ്ണി റിസൾട്ടിനായി കാത്തിരുന്നു. ഒരു 'ഡോക്ടർ ആവണം എന്ന ചിന്തയായിരുന്നു മനസ്സുനിറയെ കുട്ടിക്കാലം മുതൽ അമ്മ അവനെ വളർത്തിയത് ഉണ്ണിഒരു ഡോക്ടർ ആവണം എന്നു പറഞ്ഞിട്ടായിരുന്നു.

ആ രണ്ടുമനസുകളിൽ സന്തോഷം നിറച്ചുകൊണ്ട് ആ ഗ്രാമത്തെ ഒട്ടാകെ വിറപ്പിച്ചുകൊണ്ട് ആ വർത്തവന്നു. പത്താംക്ലാസ്സിൽ ഫുൾ എ പ്ലസ്സുമായി ഉന്നത വിജയത്തോടെ ഉണ്ണി. ഉണ്ണി ആ നാടിന്റെ അഭിമാനമായി മുക്കിലും മൂലകളിലുമായി അവന്റെ പേരെഴുതിയ ഫ്ലക്സുകൾ ഉയർന്നു. സന്തോഷം കൊണ്ട് ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ കുഞ്ഞു മുഖത്ത് ഒരുപാട് ചുടുചുമ്പനങ്ങൾ നൽകി. ഉണ്ണി പഠിച്ച് പടി പടികളായി ഉയർന്നുകൊണ്ടിരുന്നു. ഒരു ഡോക്ടർ എന്ന പദവി ലഭിക്കുന്നതുവരെ.

അമ്മ വെറും രണ്ട് അക്ഷരത്തിൽ ഒതുക്കാൻ കഴിയുന്ന ഒരാളല്ല സ്വന്തം ജീവനേക്കാൾ സ്വന്തം മക്കളെ മാത്രം സ്നേഹിക്കാൻ അറിയുന്ന ആ വലിയ മനസ്സ് ദൈവത്തിന്റെ ഒരു വലിയ കഴിവ് തന്നെയാണ്. അമ്മ സ്നേഹത്തിന്റെ മാതൃകയാണ്, ദൈവത്തിന്റെ മാലാഖയാണ്, അവൾ ദൈവത്തിന്റെ അനുഗ്രഹമാണ്. ആ അമ്മയെ കുറിച്ച് എത്ര വിവരിച്ചാലും മതിവരുകയില്ല. ഈ ലോകം മുഴുവനും അമ്മയുടെ സ്നേഹത്തെ കുറിച്ച് വാരിക്കോരി വിവരിക്കുന്നുണ്ട്.

എന്നാലും ഇന്ന് ആ അമ്മ വീടുകളിൽ നിന്ന് പുറംതള്ളുകയാണ്. അവൾ ഇന്ന് അപമാനിക്കപ്പെട്ടു കൊണ്ടിരിക്കുകാണ്. ആ അമ്മ അവരെ സ്നേഹിച്ചതിന്റെ പകരമായി ഇന്ന് ആ അമ്മ അനുഭവിക്കുന്നത് വേദന മാത്രമാണ്. അവൾ ഇന്ന് ഏകയാണ്. സ്വന്തം മക്കളുടെ സ്നേഹത്തിനുവേണ്ടി ആ അമ്മ ഇന്ന് കെഞ്ചുകയാണ്. പല വിദേശ നാട്ടുകളിലേയും പല രീതികളും ഇന്ന് നമ്മുടെ നാട്ടുകളിലും എത്തിച്ചേർന്നിരിക്കുകയാണ്.നമ്മുടെ കേരളത്തെ പലഫാഷൻ രീതികളും മുറുകെ പിടിക്കുകയാണ്. വെറും നാല് ചുമരുകൾ മാത്രമാണ് ഇന്ന് ആ അമ്മക്ക് തുണ ആകുന്നത്. ആ ചുമരുകൾക്ക് ഉള്ളിൽ അവൾ ഒറ്റപ്പെട്ടു

കൊണ്ടിരിക്കുകയാണ്.

ഈ രീതി മാറിയാൽ മാത്രമേ കേരളം പഴയ കേരളം ആവുകയുള്ളൂ. കേരളം അത് പഴയത് പോലെ ആകണമെങ്കിൽ വെറും ഹരിത ഭംഗി മാത്രം പോരാ. അമ്മയെ ആ മാലാഖയെ സ്നേഹിക്കാൻ കഴിയുന്ന അവളെ അംഗീകരാക്കാൻ കഴിയുന്ന ഒരു തലമുറ വാർത്തെടുക്കാൻ കഴാഞ്ഞാൽ മാത്രമേ ഇത് നമ്മൾ സ്വപ്നം കണ്ട കേരളം ആവുന്നുള്ളൂ. ഇനി നാം ഉണരുമ്പോൾ അത് അമ്മയെ, അച്ഛനെ, സഹോദരനെ, സഹോദരിയെ, കുടുംബത്തെ സ്നേഹിക്കുന്ന ഒരു പുത്തൻ പ്രഭാതമാകട്ടേ .....



ഭാവന വി (എച്ച്. എസ്. എ. മലയാളം)

# യാത്രാനുഭവം

പുലർച്ചെ കൃത്യം നാലുമണിക്കുതന്നെ പുറപ്പെടണം എല്ലാവരും അതിനു മുന്പുതന്നെ എത്തിച്ചേരണമെന്ന അറിയിപ്പുമണിയായി സെബാസ്റ്റ്യൻ സാറിന്റെ ശബ്ദം. ഒരധ്യയന വർഷത്തെ വിനോദയാത്രയുടെ തിമർപ്പിലാണ് വിദ്യാർത്ഥികൾ ഈ സമയം കൊണ്ട് തന്നെ മൈസൂർ കുർഗ് എന്നീ കാണാത്ത സ്ഥലങ്ങളിലേക്ക് പലവട്ടം മാനസിക സഞ്ചാരം നടത്തിയതിന്റെ സന്തോഷം അവരുടെ മുഖത്തുണ്ട്.

ആൺ പെൺ വ്യത്യാസത്തിൽ തിരിച്ചിരുത്തിയ ക്ലാസ് മുറകളിലേക്ക് കണക്കെടുപ്പിനായി രവീന്ദ്രൻ സാറും പ്രവീൺ സാറും. അപ്പോഴേക്കും ബഹുമാനപ്പെട്ട എച്ച്. എം ന്റെ വക കണക്കെടുപ്പ് ജഗപൊക. കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ ടാഗുമായി എവിടെ നിന്നെന്നില്ലാതെ പാഞ്ഞു വരുന്നും നമ്മുടെ നിഷാദ് മാഷ്.

നിമിഷങ്ങൾക്കകം വരിവരിയായി എണ്ണി കുട്ടികളെ സീറ്റിലിരുത്തി തുടർന്ന് അധ്യാപകരും ഇരുന്നു. പ്രാർത്ഥന ചൊല്ലുന്ന ആരെങ്കിലുമുണ്ടോ..? ഇല്ലെങ്കിൽ ഞാൻ തന്നെ ചൊല്ലാമെന്നു പറഞ്ഞ് ലിസി ടീച്ചർ പ്രാർത്ഥനയാരംഭിച്ചു. ഈ യാത്ര ശുഭയാത്രയാകട്ടെ എന്ന ടൂർ കൺവീനറുടെ മംഗളാശംസയും.

ബസ്സ് നീങ്ങി ആദ്യമായി യാത്രക്കൊരുങ്ങുന്ന കുട്ടികളുടെയുള്ളിൽ വീട്ടുകാരെ പിരിയുന്നതിന്റെ വിങ്ങലും ഒപ്പം കൂട്ടുകാരുമൊത്തുള്ള യാത്രയുടെ സന്തോഷവും ഇടകലർന്ന ഭാവം. മറ്റുചിലരാകട്ടെ ഇതൊന്നും പുത്തരിയല്ല എന്ന മട്ടിലും. കിലോമീറ്ററുകൾ പിന്നിട്ടില്ല അപ്പോഴേക്കുതന്നെ കുട്ടികൾ യാത്രയുടെ മൂഡിലായി, ആട്ടവും പാട്ടുമായി. വഴിക്കടവ് വഴി മൈസൂർക്കുള്ള യാത്ര ചുരമാണെന്ന അറിയിപ്പ് "വിശക്കുന്ന സാർ" കുട്ടികളെല്ലാവരും കൂടി. 7.30 ആകുമ്പോഴേക്കും നമ്മൾ ഗുണ്ടൽ പേട്ട എത്തുമെന്നും അവിടെ ഹോട്ടലിൽ ഭക്ഷണം ഏർപ്പാടാക്കിയിട്ടുണ്ട് സമാധാനമായി. ഭക്ഷണത്തിനു ശേഷം കുട്ടികൾ ഉഷാറായി നേരം വെളുത്തതോടെ പുറത്തെ കാഴ്ചയായി. ദൃശ്യമനോഹരമായ പ്രകൃതി കാഴ്ചകൾ സ്മാർട്ട് ഫോണിൽ പകർത്താനുള്ള വെമ്പൽ. ലിസി ടീച്ചർ തുടക്കം കുറിച്ചതിനു പിന്നാലെ നല്ല ക്യാമറാ മാൻമാരെ കണ്ടെത്താനായി.

ബസ്സിലെ ചേട്ടൻമാരുടെ നിർദ്ദേശപ്രകാരം ആദ്യം പോയത് കാഴ്ച ബംഗ്ലാവിലേക്കാണ്. പത്തുമണിക്കു മുമ്പ് തന്നെ അതിനകത്ത് കയറിക്കൂടി. ഉച്ചയൂണിനുള്ള സമയം വരെ അവിടെ കറങ്ങി നടന്നു. വ്യത്യസ്തങ്ങളായ പക്ഷികൾ, മൃഗങ്ങൾ, ഉരഗങ്ങൾ ഇവയെയെല്ലാം

ഒന്നിച്ചുകാണാവുന്ന ഒരു വിസ്മയ ലോകം നോക്കെത്താത്ത ദൂരത്തോളം പരന്നു കിടക്കുന്നു. പക്ഷെ അതൊക്കെ കാണുമ്പോഴും ഉള്ളിൽ ഒരു പിറുപിറുപ്പ്. എത്ര സ്വാതന്ത്ര്യത്തോടെ നടക്കേണ്ടവയാണ് ഈ അസ്വാതന്ത്ര്യ കൂട്ടിനുള്ളിൽ അങ്ങനെയുള്ളതുകൊണ്ടല്ലേ ഇവയെയൊക്കെ ഒന്നിച്ച് നേരിൽ കാണാനായത് എന്നൊരാശ്വാസവും. ടൂർ സീസണായതുകൊണ്ടുതന്നെ ഒരേ പ്രായക്കാരായ ഒരു പാടു കുട്ടികളുടെ ഇടയിൽ നിന്ന് നമ്മുടെ കുട്ടികളെ ശ്രദ്ധിക്കാൻ കുറച്ച് പ്രയാസം നേരിടോണ്ടിവന്നു.

ഉച്ചയൂണിനു ശേഷം വൃന്ദാവനിലേക്ക് അരിനെല്ലിക്കയും പോപ്പ് കോണുമായി അവിടങ്ങളിലൂടെ രസിച്ചുള്ള നടത്തം. കുറേയേറെ സെൽഫികൾക്കും ക്യാമറക്ലിക്കുകൾക്കും ഇടം കൊടുക്കുന്ന സ്ഥലം. നിഷാദ് മാഷ് ഭഗത് എന്ന കുട്ടിയുടെ സെൽഫി സ്റ്റിക്ക് ഉപോയഗിച്ച് ഗ്രൂപ്പ് ഫോട്ടോ എടുത്തതിനൊടുവിലാണ് എങ്ങുനിന്നില്ലാതെ ഒരു സന്തോഷ വാർത്ത നമ്മുടെ സ്കൂളിലുണ്ടായിരുന്ന ബിന്ദുടീച്ചർ ഇപ്പോൾ ജോലിചെയ്യുന്നിടത്തെ കുട്ടികളെയുംകൊണ്ട് ഇവിടെയെത്തിയിട്ടുണ്ടെന്ന്. പിന്നീട് വരുന്നവരിലൊക്കെ ടീച്ചറെ തിരച്ചിലായി. ഒപ്പം ടീച്ചറും ഞങ്ങളെ തിരയുന്നുണ്ടായിരുന്നത്രേ. ടീച്ചറെ കണ്ടയുടൻ നഷ്ടപ്പെട്ട കുഞ്ഞാടിനെ പൂന്തോട്ടത്തിൽ കണ്ടെത്തി എന്ന ലിസിടീച്ചറുടെ അടിക്കുറിപ്പും.

എല്ലാവരും കൂടി വൃന്ദാവനത്തിലെ തന്നെ വാട്ടർ മ്യൂസിക്കൽ ഡാൻസ് നടക്കുന്ന സ്ഥലത്തേക്ക് നീങ്ങി. ഗ്യാലറിയുടെ മുകളിലത്തെ നിലയിൽ തന്നെ സ്ഥാനം പിടിച്ചു. ഇത് കുറച്ചുനേരം കണ്ട് വേഗം പോയാലേ നമുക്ക് ഡി. ജെയിൽ ചേരാനാവൂ എന്ന നിർദ്ദേശം. ഈ കാഴ്ചയേക്കാൾ കുട്ടികൾക്ക് ഹരം ഡി. ജെ. പാർട്ടി തന്നെയായിരുന്നു. വലിയ ലൈറ്റുകളണച്ച് കൾ ബൾബുകൾ മിന്നി ഒപ്പം കന്നടപ്പാട്ടുകളുടെ താളത്തിനൊത്ത് വെള്ളം തുള്ളാൻ തുടങ്ങിയതോടെ വെറും സൽ ഫോണുകളിലെ വെളിച്ചം നിരനിരയായി കാണപ്പെട്ടത് ദൃശ്യമനോഹരമായി കാലതാ്തെ അടയാളപ്പെടുത്താൻ അതിനായി. നിമിഷങ്ങൾക്കകം അവിടെനിന്നു നേരെ ഡി. ജെ. നടക്കുന്നിടത്തെത്തി. ഡി. ജെ. യിൽ തൽപരരായ കൗമാരം പാട്ടിനൊപ്പം ചുവടുവെച്ചു അത് അധ്യാപകരിലും ആവേഷമായി അധ്യാപകരും ചുവടുവെയ്ക്കാൻ തുടങ്ങി. കുട്ടികൾക്ക് ആഹ്ലാദമായപ്പോൾ അധ്യാപകർക്ക് അത് വ്യായാമമായി. ലിസി ടീച്ചർ നല്ലൊരു വീഡിയോഗ്രാഫറായി അതിനിടയിലൂടെ ഓടി നടന്നു. അവിടന്ന് അത്താഴവും കഴിഞ്ഞ് ഉറങ്ങാനുള്ള കൂട് തേടി യാത്രയായി.

പിറ്റേന്ന് രാവിലെ കൊടും തണുപ്പിൽ മലനിരകൾക്കിടയിലൂടെ ചാമുണ്ഡി ക്ഷേത്രത്തിലേയ്ക്ക്. അതിനു മുമ്പിലുള്ള ചിത്രങ്ങളിൽ മാത്രം കണ്ടിട്ടുള്ള പ്രതിമ നേരിട്ടുകണ്ടപ്പോൾ കുട്ടികൾക്ക് അത്ഭുതം. വാനോളം ഉയർന്നു നിൽക്കുന്ന ക്ഷേത്രഗോപുരം. അവിടെ ചുറ്റിനടന്നു പിന്നീട് സിനഗോഗ് പള്ളി ആത്മീയതയുടെ നിത്യസ്ഥാനം പോലെ അത് കാണപ്പെട്ടു. അവിടുന്നു നേരെ മൈസൂർ പാലസ്- രാജ്യഭരണത്തിന്റെ തിരുശേഷിപ്പുകൾ ചുവർ ചിത്രങ്ങൾ, ശിലാ വൈദഗ്ദ്യങ്ങൾ, തച്ചു ശാസ്ത്രനിബന്ധനകൾ, ആധുനിക കോടതികളെ വെല്ലുന്ന ദർബാർ ഹാളുകൾ, ടെന്നീസ് കോർട്ടുകൾ, തുടങ്ങിആധുനിക കാലത്തെ ബുദ്ധി വൈഭവത്തെ വെല്ലുന്നവ തന്നെ. ടിപ്പുവിന്റെ ശവകുടീരമിരിക്കുന്നിടത്തേക്ക് ഓട്ടപ്രദക്ഷിണമായി. തുടർന്ന കുർഗിലേക്കുള്ള യാത്രയാരംഭിച്ചു. ഭക്ഷണ സമയം ഇത്തിരി മാറിയതോടെ കുട്ടികൾ അത് അറിയിക്കാൻ തുടങ്ങി വഴിയിൽ വണ്ടി നിർത്തി പേരക്കയും ഓറഞ്ചും വാങ്ങി നമ്മുടെ ടൂർ കൺവീനർ സെബാസ്റ്റ്യൻ സാർ കുട്ടികൾക്ക് വിതരണം ചെയ്തു. അധികം വൈകാതെ സുഖമായ ഉച്ചയൂണ്.
കുർഗിലെത്തി ആദ്യം ബുദ്ധദേവാലയത്തിലേക്ക്. അത് വേറൊരുലോകം തന്നെ എല്ലാവർക്കും നന്നേ പിടിച്ചു. അവരുടെ പ്രാർത്ഥനാരീതിയും പ്രാർത്ഥനാ ഗാനങ്ങളും നമ്മുടേതിൽനിന്നും തീർത്തും വ്യത്യസ്തം. മാർബിൾ നിലത്തിന് A/C യേ പോലും വെല്ലാൻ കഴിവുള്ള അപാര തണുപ്പ്. കിടക്കാനാഞ്ഞ കുട്ടികളെയെല്ലാം അവർ എഴുന്നേൽപ്പിച്ചു. ഇരിക്കാൻ മാത്രമേ പാടുള്ളു എന്ന് നിർദ്ദേശിച്ചു. അവിശ്വാസികളെ പോലും വിശ്വാസികളാക്കി തീർക്കാൻ കെൽപ്പുള്ള ഒരു സ്ഥലം. അത് എന്നും ഓർമ്മയിൽ തങ്ങി നിൽക്കും.

അതിനകത്ത് ഇരുന്ന നേരം കുട്ടികളിൽ ചിലരോട് സെബാസ്റ്റ്യൻ സാർ ഒരു ഗുണ്ട് പൊട്ടിച്ചു. ഇവിടെ മൂന്നു കാര്യങ്ങൾ പ്രാർത്ഥിക്കാം പ്രാർത്ഥിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിലാണ് അത് സാധിക്കുക. ആദ്യം പ്രാർത്ഥിച്ചത് ആദ്യം നടക്കും. കുട്ടികൾ അത് ഏറ്റു പ്രാർത്ഥനയിൽ മുഴുകി. തുടർന്ന് അവർ അവിടെയുള്ള മുഴുവൻ പേരിലേക്കും അത് എത്തിച്ചു. പോയ കുട്ടികളിൽ അധികം പേരും പ്രാർത്ഥനയിലാണ്ടു ഒട്ടുമിക്ക പേരുടെയും ആദ്യത്തെ പ്രാർത്ഥന പത്താം ക്ലാസ്സിൽ ഫുൾ എ പ്ലസ്സ് തന്നെ. ഞങ്ങൾ അധ്യാപകരോട് കളി പൊളിക്കരുത് എന്ന് സാറ് പറഞ്ഞിരുന്നു.

പാസെടുത്ത് തൂക്കുപാലത്തിലൂടെ പിന്നീടെത്തിയത് ബാംമ്പു ഫോറസ്റ്റിനകത്തേക്കാണ്. അത് മറ്റൊരു ലോകം സമ്മാനിച്ചു.

അവിടവിടെയായി പല നിറത്തിലുള്ള മുളം കൂട്ടങ്ങൾ, വിശ്രമസ്ഥലങ്ങൾ, യാത്രികരെ ആകർഷിക്കുന്ന പ്രതിമകൾ, സ്ത്രീകൾ വട്ടത്തിൽ നൃത്തം ചെയ്യുന്നവ, പുരുഷൻമാരുടേതും കോട്ടും ടൈയുമായി നിൽക്കുന്ന പുരുഷപ്രതിമകൾ കണ്ടയുടനെ മനുപിന്റെ പ്രതികരണം ഇത് നമ്മുടെ കുരിക്കൾ സാറല്ലേ..


പ്രതീക്ഷിക്കാത്ത പ്രതികരണം എല്ലാവരും പൊട്ടിച്ചിരിച്ചു. പിന്നീട് ഒരു പരമ്പരാഗത ഗ്രാമത്തിന്റെ ദൃശ്യ പ്രതിമകൾ. സന്ധ്യ രാത്രിക്ക് വഴിമാറിയതും മന്ദാനിലന്റെ വരവും അവിടം അനുഭൂതിയായി മാറ.

പുറത്തിറങ്ങിയപ്പോഴേക്കും കണ്ടാലറിയാത്ത വിധം ഇരുട്ടിന് കട്ടി കൂടിയിരുന്നു. ഷോപ്പിങ്ങിനായി സമയം നൽകിയതോടെ വീട്ടിലുള്ളവരെയും പങ്കെടുക്കാത്ത സുഹൃത്തുക്കളെയും ഓർത്ത് കുട്ടികൾ സാധനങ്ങൾ വാങ്ങിക്കൂട്ടി. പിന്നീട് ഭക്ഷണസ്ഥത്തിനടുത്തായി കുറഞ്ഞവിലക്ക് ഹോമിലി ചോക്ലേറ്റും വാങ്ങി. ബസ്സ് തിരിച്ചു. അപ്പോഴാണ് ഇന്ന് ഡിസംബർ ഒന്ന് ക്രിസ്തുമസ്സിന്റെ മാസം. ലിസിടീച്ചറുടെ വക വലിയൊരു കേക്ക്. കുറേ വഴി പിന്നിട്ട് ശേഷം വലിയൊരു സ്ട്രീറ്റ് ലൈറ്റിനടുത്ത് ബസ്സ് നിന്നു. റോഡിൽ മിനറൽ വാട്ടറിന്റെ കാലിപ്പെട്ടിക്കു മുകളിൽ കേക്ക് സ്ഥാനം പിടിച്ചു കുട്ടികൾ വട്ടം പിടിച്ചു ഹാപ്പി ന്യൂയർ പാടി ലിസി ടീച്ചർ കേക്ക് മുറിച്ചു. വലിയൊരാരവത്തോടെ കേക്ക് വീതിച്ചെടുത്തു. തിരിച്ച് ബസ്സിൽ കയറിയയുടനെ എച്ച്. എം. പ്രഖ്യാപിച്ചു ടൂർ ഇവിടെ അവസാനിക്കും നാളെ മുതൽ ഞാൻ ടീച്ചറും നിങ്ങൾ കുട്ടികളുമാണ്.


കുട്ടികൾക്കതത്ര പിടിച്ചില്ലെന്ന് അവരുടെ മുഖം പറഞ്ഞു. ഒട്ടും വൈകാതെ സമയബന്ധിതമായി സ്ഥലങ്ങൾ കാണിച്ച് തിരിച്ചെത്തിച്ച ബസ്സ് ജീവനക്കാർക്ക് നന്ദി അറിയിച്ചും കുട്ടികളും അധ്യാപകരായ ഞങ്ങളും ടൂർ അനുഭവങ്ങൾ പങ്കുവെച്ചും യാത്രാക്ഷീണമറിയാതെ തിരിച്ചെത്തി. വീട്ടുകാർ അവരുടെ കുട്ടികളെ കൂട്ടാനായി കൃത്യ സമയത്തു തന്നെ എത്തിച്ചേർന്നതുകൊണ്ട് പെട്ടെന്നു തന്നെ സ്കൂളിൽനിന്നു പിരിയാനായി. എച്ച്. എം ന്റെ നിർദ്ദേശപ്രകാരം കുട്ടികളെ നയിക്കാൻ നിയുക്തയായ ഞാൻ അതിലൂടെ ഒഴുകി ഒഴുകി നീങ്ങി.



മുഹമ്മദ് തൗഫീക്ക് സി










വർണ്ണച്ചിറകുകൾ എന്ന ഡിജിറ്റൽ മാഗസീൻ പൂർത്തിയായിരിക്കുന്നു. ഈ മാഗസീനിനെകുറിച്ച് വലിയ മോഹങ്ങളായിരുന്നു. എന്നാൽ പ്രവർത്തനം ആരംഭിച്ച് മുന്നോട്ട് പോയപ്പോഴാണ് ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്വത്തിന്റെ വാപ്തിയും പരിമിതിയും തമ്മിലുള്ള അന്തരം ബോധ്യമായത്. ഒന്നും പൂർണമായില്ല എന്നൊരു തോന്നൽ മാത്രം അവശേഷിക്കുന്നു.

## ഈ യാത്രയിൽ വഴിയമ്പലങ്ങളായ അധ്യാപകർ

ധൈര്യവും ഊർജവും പകർന്നു തന്ന ഹെഡ്മിസ്ട്രസ് ലിസി ടീച്ചർ, വേണ്ടസമയത്ത് ഉപദേശങ്ങളും നിദ്ദേശങ്ങളും തന്ന ഡോളി ടീച്ചർ, ആനി ടീച്ചർ, കൃഷ്ണൻ മാഷ്, വിജിത്ത് മാഷ് ഏറെ പ്രിയപ്പെട്ട സഹപാഠികളായ കൂട്ടുകാർ.

കേവലമായ ഉപചാരവാക്കുകൾക്കപ്പുറം ഈ പേരുകളും ഈ മാഗസീനിലെ അക്ഷരങ്ങൾ പോലെതന്നെ ഞങ്ങൾക്ക് പ്രീയപ്പെട്ടതാണ്. എല്ലാ സഹകരണങ്ങൾക്കും വാക്കുകൾക്കതീതമായ നന്ദി....

എഡിറ്റോറിയൽ ബോർഡിനു വേണ്ടി

ആയിഷ ജുസൈന